11. Licensees for the sale of foreign liquor are prohibited from rectifying the spirits by purifying, colouring or flavouring or mixing any material therewith.

12. Every receptacle containing spirits manufactured and flavoured, coloured or compounded in India, and received or kept for sale, must be conspicuously labelled or branded with the words "spirit manufactured in India". All liquor imported in bulk and bottled in Travancore, received or kept for sale, must bear a printed label showing clearly the country of manufacture, the name of the bottler as entered in his license and the place of bottling.

13. It shall be competent to the Excise Commissioner to permit or to order the transfer of any shop from one locality to another within the town or taluk as the case may be, or to order any shop to be closed in the interests of public peace or morality or on grounds of expediency.

14. The sale or possession (except subject to the rules applicable to unlicensed persons) by a licensee of any liquor outside the limits of his licensed premises is prohibited.

15. All liquors sold or kept for sale shall be of good quality and unadulterated. Nothing shall be added to them to increase their intoxicating power or for any other purpose.

16. The sale or transport of liquor by persons suffering from leprosy or any contagious disease and the employment of such persons in shops for the sale of the same are prohibited.

17. No shop shall be opened before sunrise or kept open after 10 P. M. except under special authority from the Excise Commissioner or from the Assistant Excise Commissioner.

18. The possession or sale upon any licensed premises of any liquor other than that to which the license relates is prohibited.

19. A sign board must be fixed to the front of each shop in a conspicuous place, stating the number of the license, the name of the licensee and the nature of his trade. The license must be hung up in a conspicuous place within.

20. No drunkenness, rioting or gambling shall be permitted within a shop and no persons of notoriously bad character shall be permitted to meet or remain therein. Intimation of any offence committed or of the presence of habitual offenders or disorderly persons shall be given by the licensee to the nearest Magistrate or Police station.

21. Such returns and information as may be required by the Excise Commissioner from time to time shall be furnished by every licensee.

22. The licensee shall not lease out, sell or otherwise transfer his license without the written consent of the Excise Commissioner.

23. The licensee shall, on requisition by the Excise Commissioner or any officer duly authorised by him, deliver up his license for amendment or renewal.

24. Infraction of any of the conditions of the license, either by a licensee or by any person in his employment, will entail on the licensee, either

(a) fine up to Rs. 50, or

(b) cancellation of the license, or

(c) both.

It shall be competent to the Excise Commissioner to impose the above penalties.

25. The imposition of a fine or the cancellation of a license under these rules shall not however relieve the licensee or his agents from liability to be prosecuted for any specific offence committed against the Abkari Regulation or under these rules.

26. The Excise Commissioner may, upon giving 15 days' notice, revoke any license, in which case a proportionate part of the fee paid by the licensee shall be refunded to him.

27. All Excise Officers of and above the rank of Circle Officers shall have authority to inspect licensed shops, to examine the premises, to test measures in use and the articles under sale and to call for and check the accounts kept in the shop.

28. The licensee shall possess or use on the licensed premises, only such standard measures of capacity as may, from time to time, be prescribed by Government.

29. These rules shall come into force from the 1st Chingom 1084.

Huzur Cutcherry,
Camp Karunagapalli,
1st August 1908.

P. RAJAGOPALA CHARI,
Dewan.

S. R. നംബർ ൩൭൮൦.

പരസ്യം.

൧൯൦൮ ആഗസ്റ്റ് ൧൮-ാം ൧൦൮൩ കർക്കടകം ൩-ാം൹ലെ ഗവർമ്മെണ്ട് ഗസറ്റിൽ ൩൦൩-ം ൩൦൪-ം വശങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്ന വിദേശീയ മദ്യങ്ങളെ വില്ക്കുന്നതിനുള്ള ലൈസൻസുകൾ കൊടുക്കുന്നതിനെ ക്രമപ്പെടുത്തുന്നതിനുള്ള ചട്ടങ്ങളിൽ ൨-ാം വകുപ്പിനെ ഭേദപ്പെടുത്തി കല്പനപ്രകാരം ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഈ പട്ടണങ്ങളിൽ കൊടുക്കപ്പെടാവുന്ന മൊത്തക്കച്ചവടത്തിനും ചില്ലറ കച്ചവടത്തിനും ഉള്ള ലൈസൻസുകളുടെ ഏറ്റവും കൂടിയതായ സംഖ്യയെ താഴെ പറയുന്നപ്രകാരം കണക്കാക്കപ്പെടുത്തിയിരിക്കുന്നു.

തിരുവനന്തപുരം ടൌണിൽ—മൊത്തക്കച്ചവടത്തിനു ൫ ലൈസൻസുകളും ചില്ലറ കച്ചവടത്തിനു ൫ ലൈസൻസുകളും.

കൊല്ലം ടൌണിൽ—മൊത്തക്കച്ചവടത്തിനു ൩ ലൈസൻസുകളും ചില്ലറ കച്ചവടത്തിനു ൩ ലൈസൻസുകളും.

ആലപ്പുഴ ടൌണിൽ—മൊത്തക്കച്ചവടത്തിനു ൩ ലൈസൻസുകളും ചില്ലറ കച്ചവടത്തിനു ൩ ലൈസൻസുകളും.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
൧൯൦൮ ആഗസ്റ്റ് ൧൮-

ദിവാൻ പി. രാജഗോപാലചാരി.

മറുനാട്ടുമദ്യങ്ങൾ വില്ക്കുന്നതിലേക്കുള്ള ലൈസൻസുകൾ കൊടുക്കുന്നതിനെ ക്രമപ്പെടുത്തുന്നതിലേക്കു ൧൦൭൭-ലെ നാലാം റെഗുലേഷൻ ആയ അബ്കാരി റെഗുലേഷൻ ൨൩-ാം വകുപ്പും ൩൯-ാം വകുപ്പും അനുസരിച്ചു താഴെ ചേർക്കുന്ന ചട്ടങ്ങൾ കല്പനപ്രകാരം നിശ്ചയിച്ചിരിക്കുന്നു.

൧. മറുനാട്ടുമദ്യങ്ങൾ വില്ക്കുന്നതിലേക്കുള്ള ലൈസൻസുകൾ താഴെ വിവരിക്കുന്ന തരങ്ങളിൽ ഉള്ളവ ആയിരിക്കും:—

I. മൊത്തക്കച്ചവടത്തിനുള്ള ലൈസൻസുകൾ, അതായതു, വില്പനസ്ഥലത്തുവച്ചു കുടിക്കാനുള്ളവയല്ലാതെയുള്ള മറുനാട്ടുമദ്യങ്ങളെ വില്ക്കുന്നതിനുള്ള ലൈസൻസുകൾ:—

തിരുവനന്തപുരം, നാഗരുകോവിൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, പറവൂർ, മൂന്നാർ ഈ പട്ടണങ്ങളിലേക്കു ആണ്ടൊന്നുക്കു ൫൦ രൂപായും മറ്റു സ്ഥലങ്ങളിലേക്കു ആണ്ടൊന്നുക്കു ൨൫ രൂപായും ഫീസ് ഈടാക്കുന്നതിന്മേൽ ഈ ലൈസൻസുകൾ കൊടുക്കപ്പെടും.

ഈ ലൈസെൻസ് അനുസരിച്ചു ഒരു പൈന്റ് അളവിൽ കുറവായി മദ്യം വിററുകൂടുന്നതല്ല.

II. ചില്ലറക്കച്ചവടത്തിനുള്ള ലൈസെൻസ്, അതായതു, വില്പനസ്ഥലത്തുവെച്ചുതന്നെ കുടിക്കുന്നതിലേക്കുള്ള മററുനാട്ടുമദ്യങ്ങളും വില്ക്കുന്നതിനുള്ള ലൈസെൻസുകൾ.

തിരുവനന്തപുരം, നാഗരുകോവിൽ, കൊല്ലം, ആലപ്പുഴ, കോട്ടയം, പറവൂർ, മൂന്നാർ ഈ പട്ടണങ്ങളിൽ ആണ്ടൊന്നുക്കു ൧൦൦ രൂപായും മറ്റുസ്ഥലങ്ങളിൽ ആണ്ടൊന്നുക്കു ൫൦ രൂപായും ഫീസ് ഒടുക്കുന്നതിന്മേൽ ഈ ലൈസെൻസുകൾ കൊടുക്കപ്പെടും.

ഈ ലൈസെൻസ് അനുസരിച്ചു വില്പനസ്ഥലത്തുനിന്നു മദ്യം കടത്തിക്കൊണ്ടുപോയിക്കൂടുന്നതല്ല.

III. പ്രൂഫ് സ്പിരിട്ടിനു ൨൫-ാം ഡി. അതിനു മീതെയും ആയും എന്നാൽ ൨൫-ാം ഡി. കവിയാതെയും വീര്യം ഉള്ള മെഡിക്കേറ്റെഡ് വൈനും അതുപോലുള്ള ദ്രവപ്പദാർത്ഥങ്ങളും ഔഷധം ആയി വില്ക്കുന്നതിലേക്കുള്ള ലൈസെൻസുകൾ. ആണ്ടുതോറും ൨൫ രൂപാ ഫീസ് ഒടുക്കുന്നതിന്മേൽ ഈ ലൈസെൻസുകൾ കൊടുക്കപ്പെടും.

IV. അതാതുകാലത്തു കൊടുക്കുന്ന താല്ക്കാലിക ലൈസെൻസുകൾ. ഇവ ഉത്സവങ്ങളും, സല്ക്കാരസമയങ്ങളും ഇവ സംബന്ധിച്ച പ്രത്യേകാവസരങ്ങളിൽ മദ്യം വില്ക്കുന്നതിലേക്കു കൊടുക്കുന്ന ലൈസെൻസുകളും മുതലായവ ആകുന്നു. ഈ ലൈസെൻസുകൾ ഒരേ സമയത്തു ൧൫ ദിവസങ്ങളിൽ കവിയാത്ത കാലങ്ങൾക്കായിട്ടു, ൨൪ മണിക്കൂറു നേരത്തേക്കോ അതിൽ കുറഞ്ഞസമയം ഉണ്ടെങ്കിൽ ആ സമയത്തേക്കോ ൫ രൂപാ വീതമുള്ള ഫീസ് ഒടുക്കുന്നതിന്മേലും കൊടുക്കപ്പെടും. ഈ ലൈസെൻസ് അനുസരിച്ചു വില്പനസ്ഥലത്തുനിന്നു മദ്യം നീക്കിക്കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

V. വിശേഷാൽ ലൈസെൻസുകൾ, മേറ്റ് യഥോചിതം ലൈസെൻസുകളും കൊടുക്കാൻ നിവൃത്തിയില്ലാത്ത സംഗതികളിൽ ഈ വിശേഷാൽ ലൈസെൻസുകൾ ഗവർന്മെണ്ട് നിശ്ചയിക്കാവുന്നവയായ വ്യവസ്ഥകൾക്കുമ്പെട്ടും കാലങ്ങൾക്കായിട്ടും കൊടുക്കപ്പെടും.

2. പട്ടണങ്ങളിൽ മൊത്തക്കച്ചവടത്തിനും ചില്ലറക്കച്ചവടത്തിനും കൊടുക്കാവുന്ന ലൈസെൻസുകളുടെ എണ്ണവും കൂടുതൽ ആയ എണ്ണത്തെ താഴെവിവരിക്കുന്നതുപോലെ കണക്കാക്കപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം ടൌൺ—മൊത്തക്കച്ചവടത്തിനു ൩ ലൈസെൻസും ചില്ലറക്കച്ചവടത്തിനു ൧൨ ലൈസെൻസും.

നാഗരുകോവിൽ ടൌൺ—മൊത്തക്കച്ചവടത്തിനു ൨ ലൈസെൻസും ചില്ലറക്കച്ചവടത്തിനു ൩ ലൈസെൻസും.

കൊല്ലം ടൌൺ—മൊത്തക്കച്ചവടത്തിനു ൨ ലൈസെൻസും ചില്ലറക്കച്ചവടത്തിനു ൫ ലൈസെൻസും.

ആലപ്പുഴ ടൌൺ— ടി ടി

കോട്ടയം ടൌൺ— ടി ടി

പറവൂർ—മൊത്തക്കച്ചവടത്തിനു ൧ ലൈസെൻസും ചില്ലറക്കച്ചവടത്തിനു ൨ ലൈസെൻസും.

മൂന്നാർ—മൊത്തക്കച്ചവടത്തിനു ൨ ലൈസെൻസും ചില്ലറക്കച്ചവടത്തിനു ൪ ലൈസെൻസും.

൩. മറുനാട്ടുമദ്യങ്ങളും വില്ക്കുന്നതിൽ വിസ്കി, ബ്രാണ്ടി, റം, ഇവ പ്രൂഫിനു താഴെ ൨൫ ഡിഗ്രിയിൽ കുറഞ്ഞ വീര്യമുള്ളവയും, ജിൻ പ്രൂഫിനുതാഴെ ൩൫ ഡിഗ്രിയിൽ കുറഞ്ഞ വീര്യമുള്ളതും ആയിരുന്നുകൂടാ.

൪. ഒരേ ആളിനു ഒരേ സ്ഥലത്തേക്കു ഒന്നാം വകുപ്പിൽ വിവരിച്ചിട്ടുള്ള ലൈസെൻസുകളിൽ രണ്ടോ അധികമോ തരങ്ങളിലുള്ള ലൈസെൻസുകൾ കൊടുക്കാവുന്നതാകുന്നു.

൫. ഈ ലൈസെൻസുകൾ കൊടുക്കാൻ എക്സൈസ് കമ്മിഷണർക്കു അധികാരം ഉണ്ട്. (താല്ക്കാലിക ലൈസെൻസുകളും വിശേഷാൽ ലൈസെൻസുകളും ഒഴികെ) എല്ലാ ലൈസെൻസുകൾക്കും കൊല്ലംതോറും ചിങ്ങം ൧-ാം തീയതി മുതൽ കർക്കടകമാസം ഒടുവിലത്തെ തീയതിവരെ പ്രാബല്യം ഉണ്ടായിരിക്കും.

൬. അതാതു ലൈസെൻസിനു നിശ്ചയിച്ചിട്ടുള്ള ഫീസ് മുഴുവൻ മുൻകൂറായി ഒടുക്കിയല്ലാതെ യാതൊരു ലൈസെൻസും കൊടുക്കുന്നതല്ല.

൭. പോലീസ് ഭരണവിഷയമായ കാരണങ്ങളാൽ അല്ലെങ്കിൽ പൊതുജനസുഖത്തിനായുള്ള യുക്തകാരണങ്ങളാൽ ആളുകളെ, വല്ല മദ്യഷാപ്പുകളും അനുവദിക്കുന്നതു ആക്ഷേപകരമായിരിക്കുന്ന സ്ഥലത്തു ഏൎപ്പെടുത്തപ്പെട്ടിട്ടുള്ളതോ ഏൎപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ യാതൊരു പീടികയ്ക്കും ലൈസെൻസ് കൊടുക്കുന്നതല്ല.

൮. എക്സൈസ് കമ്മീഷണർ യാതൊരു കാരണവും പറയാതെ ലൈസെൻസ് കൊടുക്കയാകട്ടെ, കൊടുക്കയില്ലെന്നു പറകയാകട്ടെ ചെയ്യും.

൯. ലൈസെൻസുകൾക്കുള്ള അപേക്ഷകൾ, അതാതു ഡിവിഷൻ ചാൎജുള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണൎക്ക് സാധാരണയായി അയക്കേണ്ടതാകുന്നു. അപേക്ഷകളിൽ, പീടികകൾ എവിടെ ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നും അല്ലെങ്കിൽ ഏൎപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നു എന്നും, ഏതു തരത്തിലുള്ള ലൈസെൻസ് വേണമെന്നു ആവശ്യപ്പെടുന്നു എന്നും വിവരിച്ചിരിക്കണം. ശരിയായ ഫീസ് ഒടുക്കീട്ടുണ്ടെന്നുള്ളതിനു രസീതുകളും അപേക്ഷകളോടുകൂടി അയക്കണം. എന്തെങ്കിലും അപേക്ഷയെ നിരസിക്കുന്നപക്ഷം, ഒടുക്കീട്ടുള്ള ഫീസിനെ തിരികെ കൊടുക്കുന്നതാകുന്നു.

൧൦. ഈ ചട്ടങ്ങളനുസരിച്ചു എക്സൈസ് കമ്മീഷണർ കൊടുക്കുന്ന എല്ലാ ഉത്തരവുകളിന്മേലും സൎക്കാരിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു; ഗിവൎമ്മെന്റ തീൎമ്മാനം അവസാനത്തിലുള്ളതായിരിക്കും.

൧൧. മദ്യങ്ങളെ ... വില്ക്കുന്നതിലേക്കു ലൈസെൻസുള്ളവർ, മദ്യങ്ങളെ, ശുദ്ധീകരിക്കയാകട്ടെ, അവയ്ക്കു നിറം കൂട്ടുകയാകട്ടെ, രസം അധികപ്പെടുത്തുന്നതിലേക്കു മറ്റൊരു ... യി അവയോടു വല്ല സാധനവും ചേൎക്കയാകട്ടെ ചെയ്തു അവയെ ശുദ്ധിയാക്കിക്കൂടാ.

൧൨. ഇന്ത്യയിൽ ഉണ്ടാക്കപ്പെട്ടവയും മണം ചേൎക്കയോ നിറം വരുത്തുകയോ അല്ലെങ്കിൽ കലൎപ്പു ചേൎക്കയോ ചെയ്യപ്പെട്ടിട്ടുള്ളവയും ആയ മദ്യങ്ങൾ അടങ്ങിയവയും വില്പനക്കായി വാങ്ങിക്കയോ വച്ചിരിക്കയോ ചെയ്യുന്നവയും ആയ ഓരോ പാത്രത്തിലും ഇന്ത്യയിൽ ഉണ്ടാക്കപ്പെട്ട മദ്യം എന്നുള്ള പദങ്ങളെ എല്ലാവൎക്കും കാണാവുന്ന വിധത്തിൽ എഴുതിയൊട്ടിച്ചിരിക്കയോ വെട്ടിയിരിക്കയോ ചെയ്യണം. മൊത്തമായി ഇറക്കുമതിചെയ്തു തിരിച്ചുപകൎന്നു കുപ്പികളിൽ അടയ്ക്കപ്പെട്ടവയും വില്പനയ്ക്കായി വാങ്ങിയിരിക്കയോ വച്ചിരിക്കയോ ചെയ്യുന്നവയും ആയ എല്ലാ മദ്യങ്ങൾക്കും അവ ഉണ്ടാക്കപ്പെട്ട രാജ്യത്തിന്റെ പേരും കുപ്പികളിൽ അടച്ചവന്റെ ലൈസെൻസിൽ എഴുതിയിട്ടുള്ള പ്രകാരം അയാളുടെ പേരും, ഇന്നസ്ഥലത്തുവച്ചു കുപ്പികളിൽ അടക്കപ്പെട്ടു എന്നുള്ള വിവരവും അടങ്ങിയ കടലാസ്സുതുണ്ടു പതിക്കേണ്ടതാകുന്നു.

൧൩. ജനസമാധാനവിഷയത്താലോ, സദാചാരവിഷയത്താലോ, യുക്തകാരണങ്ങളാലോ എന്തെങ്കിലും പീടികയെ ഒരു സ്ഥലത്തുനിന്നു അതേ ടൌണിലോ താലൂക്കിലോ (സംഗതിയുടെ അവസ്ഥപോലെ) ഉള്ള മറ്റൊരു സ്ഥലത്തേക്കു മാറ്റിക്കൊള്ളുന്നതിലേക്കു അനുവദിക്കയാകട്ടെ മാറ്റേണ്ടതാണെന്നു ആജ്ഞാപിക്കയാകട്ടെ ചെയ്യുന്നതിനും വല്ല പീടികയേയും അടച്ചുകൊള്ളണം എന്നു ആജ്ഞാപിക്കുന്നതിനോ എക്സൈസ് കമ്മീഷണൎക്ക് അധികാരം ഉണ്ട്.

൧൪. ലൈസെൻസ് ഇല്ലാത്ത ആളുകളെ സംബന്ധിക്കുന്ന ചട്ടങ്ങൾക്കു കീഴ്പ്പെട്ടല്ലാതെ ലൈസെൻസുള്ളവർ, ഏതു സ്ഥലങ്ങൾക്കായി തങ്ങൾക്കു ലൈസെൻസ് സിദ്ധിച്ചിരിക്കുന്നുവോ ആ സ്ഥലങ്ങളുടെ അതിൎത്തികൾക്കു വെളിയിൽ യാതൊരു മദ്യവും വില്ക്കയോ കൈവശം വച്ചിരിക്കയോ ചെയ്തുകൂടാത്തതാകുന്നു.

൧൫. വില്ക്കപ്പെടുന്നവയോ വില്പാൻ വച്ചിരിക്കപ്പെടുന്നവയോ ആയ എല്ലാ മദ്യങ്ങളും നല്ല തരത്തിലുള്ളവയും കലൎപ്പുചേരാത്തവയും ആയിരിക്കണം. അവയുടെ ലഹരിശക്തിയെ വൎദ്ധിപ്പിക്കുന്നതിനാകട്ടെ, മറ്റു എന്തെങ്കിലും കാൎയ്യത്തിനാകട്ടെ, മദ്യങ്ങളോടു യാതൊന്നും ചേൎക്കരുതു.

൧൬. കുഷ്ഠരോഗമോ വല്ല സാംക്രമികരോഗമോ ബാധിച്ചിട്ടുള്ള ആളുകൾ മദ്യം വില്ക്കയാകട്ടെ, കടയിൽ കാൎയ്യം നോക്കയാകട്ടെ ചെയ്തുകൂടാ. മദ്യം വില്ക്കുന്നതിലേക്കു പീടികകളിൽ അങ്ങനെയുള്ള ആളുകളെ നിയമിക്കയും അരുതു.

൧൭. എക്സൈസ് കമ്മീഷണരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരോ വിശേഷാലായി അധികാരപ്പെടുത്തുന്നതിനാലല്ലാതെ, യാതൊരു പീടികയും സൂൎയ്യോദയത്തിനു മുമ്പു തുറക്കയാകട്ടെ, രാത്രി പത്തുമണികഴിഞ്ഞു തുറന്നുവച്ചിരിക്കയാകട്ടെ ചെയ്തുകൂടാ.

൧൮. ലൈസെൻസ് ഏതു മദ്യത്തെ സംബന്ധിച്ചുള്ളതോ ആ മദ്യം അല്ലാതെ മറ്റു വല്ല മദ്യവും ലൈസെൻസുള്ള യാതൊരു സ്ഥലത്തും കൈവശം വച്ചിരിക്കയോ വില്ക്കയോ ചെയ്തുകൂടാ.

൧൯. ഓരോ പിടികയുടെയും മുൻവശത്തു എല്ലാവർക്കും കാണാവുന്ന ഒരു സ്ഥലത്തു ലൈസൻസിന്റെ നമ്പരും ലൈസൻസുകാരന്റെ പേരും, ലൈസൻസുകാരന്റെ കച്ചവടത്തിന്റെ സ്വഭാവവും കാണിക്കുന്ന ഒരു ബോർഡു എഴുതി വച്ചിരിക്കേണ്ടതാകുന്നു. ലൈസൻസിനെ പിടികയ്ക്കകത്തു എല്ലാവർക്കും കാണാവുന്ന സ്ഥലത്തു തൂക്കിവച്ചിരിക്കയും വേണം.

൨൦. പിടികയ്ക്കകത്തു ദ്രവ്യം മത്തതയോ ലഹരിയോ പിടിച്ചവരെയോ അനുവദിക്കുന്നതല്ല. ചീട്ടുകളിയോ ചൂതുകളിയോ ഗതാഗതത്തിന് അറിയപ്പെട്ടിട്ടുള്ള യാതൊരാളേയും അതിനകത്തു ചേരുന്നതിനോ താമസിക്കുന്നതിനോ അനുവദിച്ചുകൂടാ. വല്ല കലഹവും നടത്തപ്പെടുകയോ പതിവായി കലഹം ചെയ്യുന്നവരോ ലഹളക്കാരോ കൂടുന്നവരാകട്ടെ ഉണ്ടായിരിക്കയോ ചെയ്താൽ വിവരം ലൈസൻസുകാരൻ ഏറ്റവും സമീപമുള്ള മജിസ്ട്രേട്ടിനെയോ പൊലീസ് സ്റ്റേഷനിലോ അറിയിക്കേണ്ടതാകുന്നു.

൨൧. എക്സൈസ് കമ്മിഷണർ അതാതു കാലത്തു ആവശ്യപ്പെടാവുന്ന കണക്കുകളും വിവരങ്ങളും ഓരോ ലൈസൻസുകാരനും കൊടുക്കേണ്ടതാകുന്നു.

൨൨. എക്സൈസ് കമ്മിഷണരുടെ രേഖാമൂലമായ സമ്മതം കൂടാതെ ലൈസൻസുകാരൻ തന്റെ ലൈസൻസിനെ പാട്ടത്തിനു കൊടുക്കുകയോ വില്ക്കുകയോ മറ്റുവിധത്തിൽ കൈമാറ്റം ചെയ്കയോ ചെയ്തുകൂടാ.

൨൩. എക്സൈസ് കമ്മിഷണർ താനോ അദ്ദേഹത്താൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും ആഫീസരാകട്ടെ ആവശ്യപ്പെടുമ്പോൾ, ലൈസൻസിനെ രേഖപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്നതിനായി ലൈസൻസുകാരൻ ഏല്പിക്കേണ്ടതാകുന്നു.

൨൪. ലൈസൻസുകാരനോ അവന്റെ ലൈസൻസുകാരനായി ഏല്പിക്കപ്പെട്ട വല്ലവരും അവന്റെ ലൈസൻസിലെ വ്യവസ്ഥകളിൽ വല്ലതിനേയും ലംഘിക്കുന്നതായാൽ,

(എ) ൫൦ രൂപാവരെ പിഴയിടപ്പെടുന്നതിനോ

(ബി) ലൈസൻസു റദ്ദ് ചെയ്യപ്പെടുന്നതിനോ അല്ലെങ്കിൽ

(സി) മേല്പറഞ്ഞ രണ്ടിനുമോ

ലൈസൻസുകാരൻ പാത്രമാകുന്നതാകുന്നു.

മേല്പറഞ്ഞ ശിക്ഷകൾ നൽകുന്നതിനു എക്സൈസ് കമ്മിഷണർക്കു അധികാരമുണ്ട്.

൨൫. അബ്കാരി (കലാശ) റെഗുലേഷൻപ്രകാരമുള്ളതോ ഈ ചട്ടങ്ങൾപ്രകാരം ഉള്ളതോ ആയ ഏതെങ്കിലും കുറ്റത്തിനായി പ്രോസിക്യൂട്ട് ചെയ്യപ്പെടുന്നതിനു ഈ ചട്ടങ്ങൾ അനുസരിച്ചു പിഴ ഇട്ടിട്ടുള്ള സംഗതിയാകട്ടെ, ലൈസൻസു റദ്ദാക്കപ്പെട്ടിട്ടുള്ള സംഗതിയാകട്ടെ, ലൈസൻസുകാരനേയോ അയാളുടെ ഏജന്റുകളേയോ മോചിപ്പിക്കുന്നതല്ല.

൨൬. മൂന്നു ദിവസത്തെ മുന്നറിയിപ്പുകൊടുത്തിട്ടു ഏതു ലൈസൻസിനേയും എക്സൈസ് കമ്മിഷണർ റദ്ദ് ചെയ്യാവുന്നതാകുന്നു; ഈ സംഗതിയിൽ ലൈസൻസുകാരൻ കെട്ടിയിട്ടുള്ള ഫീസിൽ ബാക്കിയുള്ള ഒരു ഭാഗം ലൈസൻസുകാരനു തിരികെ കൊടുക്കുന്നതാകുന്നു.

൨൭. സർക്കിൾ ആഫീസർമാരോ മേലോ കൂടുതലോ സ്ഥാനവലിപ്പമുള്ള എല്ലാ എക്സൈസ് ആഫീസർമാർക്കും, ലൈസൻസുള്ള പിടികകളെ പരിശോധിക്കുന്നതിനും, പിടികകളോടു ചേർന്ന സ്ഥലങ്ങളെ പരിശോധിക്കുന്നതിനും, ഉപയോഗിക്കപ്പെടുന്ന അളവുകളേയും വില്ക്കപ്പെടുന്ന സാധനങ്ങളേയും പരിശോധിക്കുന്നതിനും, പിടികയിൽ വച്ചിരിക്കുന്ന കണക്കുകളെ വരുത്തി നോക്കുന്നതിനും പരിശോധിക്കുന്നതിനും അധികാരം ഉണ്ട്.

൨൮. ഗവർന്മെണ്ട് അതാതുകാലത്തു നിശ്ചയിക്കാവുന്ന തോതനുസരിച്ചുള്ള അളവുകളെ മാത്രമെ ലൈസൻസുകാരൻ ലൈസൻസുള്ള സ്ഥലങ്ങളിൽ കൈവശം വച്ചിരിക്കയോ ഉപയോഗിക്കയോ ചെയ്യാവൂ.

൨൯. ഈ ചട്ടങ്ങൾ ൧൦൮൪ ചിങ്ങം ൧൫-ാം൹ മുതൽ നടപ്പിൽ വരുന്നതാകുന്നു.

ഹജൂർകച്ചേരി
ക്യാമ്പ് കരുനാഗപ്പള്ളി
൧൯൦൮ ആഗസ്റ്റ് ൧൫-ാം൹

ദിവാൻ പി. രാജഗോപാലാചാരി,
ദിവാൻ ബഹദൂർ.

Notice.

It is hereby notified that the unserviceable articles noted below lying in the Mavelikara Circle Office will be sold by public auction in the Circle Office by the Circle Officer at 2 P. M. on 20th Chingom 1084.

Terms—cash.

Names of articles.	No.
Teakwood desk with drawers	2
Do. Boxes	4
Dealwood boxes	6

Assistant Excise Commissioner's Office, Central Division, Quilon, 14th August 1908.

T. PADMANABHA ROW,
Assistant Excise Commissioner.

പരസ്യം.

ഇതിനാൽ തെര്യപ്പെടുത്തുന്നതു എന്തെന്നാൽ താഴെ വിവരിക്കപ്പെട്ടിട്ടുള്ളതും മാവേലിക്കര സർക്കിൾ ആഫീസിൽ ഉപയോഗമില്ലാതെ കിടപ്പുള്ളതുമായ സാമാനങ്ങൾ മേൽപ്പറഞ്ഞ ടി ആഫീസിൽവച്ചു ൧൦൮൪-ാമാണ്ടു ചിങ്ങമാസം ൨൦-നു പകൽ ൨ മണിക്കു സർക്കിൾ ആഫീസരാൽ ലേലത്തിൽ വിൽക്കപ്പെടുന്നതാകുന്നു.

സാമാനങ്ങളുടെ പേര്.				എണ്ണം.
തേക്കു ചമയമേശപ്പെട്ടി ഡ്രാവറോടുകൂടിയതു		...	....	൨
ടി കാതപ്പെട്ടി	...	....	...	൪
വിലാത്തിപ്പെട്ടി ...	...	...	....	൬

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരാഫീസ്, കൊല്ലം ൧൯൦൮ ആഗസ്റ്റ് ൧൪-നു

അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ,
റ്റി. പത്മനാഭരായർ.

നമ്പർ [illegible]

വടക്കൻ ഡിവിഷൻ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണരാപ്പീസ്
൧൦൮൩ കർക്കടകം ൨൮-നു അരൂക്കുറ്റി

പരസ്യം

മാവേലിക്കര വടക്കൻ റെഞ്ചിൽ ൧൦൮൦-ാമാണ്ടു ഷാപ്പുകൾ ആയിരുന്നു മരിച്ചുപോയ ആറാട്ടുപുഴ നീർവിളാകം കുറിയിൽ തെക്കേതു കേശവൻ കൊച്ചുകുഞ്ഞിനു ശമ്പളം വകയിൽ ചെല്ലുവാനുള്ള പണം കൊടുപ്പിക്കുന്നതിനു തിരുവല്ലാ താലൂക്കു മുഖാന്തിരം അവകാശവിചാരണ നടത്തിച്ചു വരുത്തിയതു [illegible] സാക്ഷിയതിൽ കേശവൻ കൊച്ചുകുഞ്ഞിന്റെ അവകാശിയായി നാരായണൻ കേശവൻ എന്നൊരാൾ ഉണ്ടെന്നും അയാൾക്കു പണം കൊടുക്കുന്നതിൽ വിരോധമില്ലെന്നും വിവരിച്ചുകാണുന്നതിനാൽ അവകാശവിചാരണ അനുസരിച്ചു നാരായണൻ കേശവനു പണം കൊടുപ്പിക്കുന്നതിൽ വല്ല വിരോധവും വല്ലവർക്കും ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ൩൦ ദിവസത്തിനകം ഈ ആപ്പീസു മുഖാന്തിരം ഹാജരായി ബോധിപ്പിച്ചു കൊള്ളേണം. പിന്നീടു വരുന്ന അപേക്ഷകളെ സ്വീകരിക്കുന്നതല്ല.

സി. രാഘവനുണ്ണിനായർ,
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ

മാവേലിക്കര എക്സൈസ് സർക്കിൾ ആഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

മാവേലിക്കര പണ്ടകശാലയിൽ മാസപ്പടിയായിരുന്ന പാറ്റൂർ അധികാരത്തിൽ പൊഴിക്കരച്ചേരിയിൽ [illegible] വീട്ടിൽ നാരായണൻ ശങ്കരനു ശമ്പളവകയിൽ ചെല്ലുവാനുള്ള പണം കൊടുപ്പിക്കണമെന്നു അയാളുടെ അനന്തിരവൻ [illegible] വീട്ടിൽ ശങ്കരൻ ശങ്കരൻ അപേക്ഷിച്ചും നാരായണൻ ശങ്കരനു ചെല്ലുവാനുള്ള പണത്തിനു നേരെ അവകാശി അപേക്ഷക്കാരനായ ശങ്കരൻ ശങ്കരനാണെന്നു വിചാരണ നടത്തി കാണും ഇരിക്കുന്നു.

ഈ സംഗതിക്കു വല്ല അവകാശികളോ തർക്കക്കാരോ ഉണ്ടായിരുന്നാൽ ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതു മുതൽ ൩൦ ദിവസത്തിനകം തെളിവോടുകൂടി ഈ ആഫീസിൽ ഹാജരായി അപേക്ഷിക്കേണ്ടതും അവധി കഴിഞ്ഞു വരുന്ന അപേക്ഷകളെ സ്വീകരിക്കുന്നതല്ലാത്തതും പണം അപേക്ഷക്കാരനായ ശങ്കരൻ ശങ്കരനു കൊടുപ്പിക്കുന്നതും ആകുന്നു എന്നു

൧൦൮൩ മാണ്ടു കർക്കടകം [illegible]

മാവേലിക്കര എക്സൈസ് സർക്കിൾ ആഫീസ്

സർക്കിൾ ആഫീസർ,
സി. ഇ. കേശവപിള്ള.



TRAVANCORE GOVERNMENT GAZETTE.

Vol. XLVI.} TRIVANDRUM, TUESDAY, — August 25, 1908. / Chingam 10, 1084. No. 34.

POLICE DEPARTMENT.

NOTICE.

Tenders are invited for the supply of the following articles required for the Travancore Police for M. E. 1084 (1908—1909.)

2. Tenders should be sealed with wax and superscribed "Tenders for the supply of articles for the Travancore Police." They should be addressed to the Superintendent of Police, Travancore, Trivandrum, and posted in time to reach him before noon on the 15th October 1908. Tenders received after that time will be rejected.

3. The tenders may be for all or any of the articles specified in the list. Every tender should be accompanied by a sample of the articles tendered for which also should reach the Superintendent before noon on the 15th October 1908. The price offered should include all charges till delivery at the Superintendent's Office, Trivandrum.

4. The tenders will be opened at the Superintendent's Office at 12 noon on the 16th October in the presence of such of the tenderers or their agents as may be in attendance.

5. All tenders for articles over a thousand Rupees in value should be accompanied by a deposit of Rupees one hundred in cash or in currency notes as earnest money, this deposit to be forfeited in case the contractor fails to accept the contract tendered for.

6. Those whose tenders are accepted will be required to make within 20 days of acceptance of the tender a deposit equal to 10 per cent of the value of the articles to be supplied and to execute an agreement binding themselves to fulfil the terms of the contract.

7. The tender accepted will be subject to the approval of Government.

8. Samples will not be paid for, but will be returned on application accompanied by a remittance to pay forwarding charges. Those sent with accepted tenders will be retained in the Superintendent's Office for comparison with the articles supplied and no article will be accepted unless it is fully equal to the sample.

9. The delivery should commence on or before the 15th December and be completed by the 15th March 1909. For every day's delay beyond this time a fine of Rs. 5 a day will be inflicted.

10. No advances will be made, but accepted consignments will be paid for within 20 days of the receipt of the articles.

11. If any contractor fails to fulfil any part of his engagement, his deposit will be forfeited and it shall be open to the Superintendent to cancel the whole of the unfulfilled portion of the contract and hold the defaulter responsible for any losses which may arise from a resale of the contract, either by public auction or private engagement at the Superintendent's discretion. The defaulting contractor will not be entitled to any profits arising from such resale.

12. The deposit referred to in para 6 will be returned only on fulfilment of the entire contract.

13. The Superintendent reserves to himself the right of rejecting all or any of the tenders without assigning a reason.

Office of the Superintendent of Police,
Trivandrum,
15th August 1908.

O. H. BENSLEY,
Superintendent of Police,
Travancore.

List of Articles.

No.	Description.				Quantity.
1	Khaki Suits *(knicker bockers)	...	...	...	3,000
2	Khaki Suits (knicker bockers) to European Constables	...	...	...	35
3	Turkey red §	...	...	yds	7 800
4	Puttees (khaki)	...	...	pairs	1,800
5	Dark green coats to native Constables	...	...	...	75
6	Serge Knicker bockers Do.	...	...	...	75
7	Cloth capes waterproof	...	...	...	100
8	Boots	...	...	pairs	50
9	Silver lace (Head Constables) narrow	...	...	yds.	1,500
10	Chevrons silver single	...	...	...	130
11	Do Do double	...	...	...	73
12	Do Do treble	...	...	...	25
13	Silver shells	...	...	.	120
14	Badges red single	...	...	...	500
15	Do Do double	...	...	...	900
16	Do Do treble	...	...	...	300
17	Do Do of four stripes	...	...	...	200
18	Forage caps to European Constables	...	...	...	15
19	Helmets Do.	...	...	...	15
20	Haversacks (khaki)	...	...	...	2[illegible]0
21	Whistles with chains	...	...	...	2[illegible]0
22	Reservoirs with burners	...	...	...	30
23	Zinc sheets for hat bands	...	...	...	1500
24	Cloaks	...	...	...	5
25	Khaki-Bradford	...	...	yds.	300
26	Hanging lanterns	...	...	...	10
27	Brass padlocks	...	...	...	50
28	Hand cuffs	...	...	...	200

* To be machine stitched, material, Spinner & Co's Warrington shade. § full piece required with weight, trade mark and manufacturer's name.

പരസ്യം

൧. തിരുവിതാംകൂർ പോലീസുവകുപ്പിലേക്ക് ൧൦൮൪-ാമാണ്ടത്തേക്ക് (ഇംഗ്ലീഷ് ൧൯൦൮-൦൯) ആവശ്യമുള്ള താഴെ പറയുന്ന സാമാനങ്ങൾ എത്തിച്ചുകൊടുപ്പാൻ ടെണ്ടറുകൾ ബോധിപ്പിക്കേണ്ടതാകുന്നു.

൨. ടെണ്ടറുകൾ മുദ്രവെച്ച കവറിലാക്കി "തിരുവിതാംകൂർ പോലീസുവകുപ്പിലേക്ക് സാമാനങ്ങൾ എത്തിച്ചുകൊടുക്കുന്നതിനുള്ള ടെണ്ടറുകൾ" എന്നു മുകളിൽ എഴുതിയിരിക്കേണ്ടതാകുന്നു; അവയെ തിരുവനന്തപുരത്തു ഇരിക്കുന്ന തിരുവിതാംകൂർ പോലീസു സൂപ്രണ്ടിന്റെ പേർക്ക് മേൽവിലാസം എഴുതി ൧൯൦൮ സെപ്റ്റംബർ ൧൫-ാം തീയതി ഉച്ചയ്ക്കു മുമ്പായി കിട്ടത്തക്കവണ്ണം അയയ്ക്കേണ്ടതും, അതിൽ പിന്നീടു കിട്ടുന്ന ടെണ്ടറുകളെ തള്ളിക്കളയുന്നതും ആകുന്നു.

൩. ലിസ്റ്റിൽ വിവരിക്കുന്നതിൽ ഏതെങ്കിലും ഒന്നോ അധികമോ സാമാനങ്ങൾക്കു ടെണ്ടർ ബോധിപ്പിക്കാവുന്നതാകുന്നു. എല്ലാ ടെണ്ടറുകളോടുകൂടിയും അതതു ടെണ്ടറുകളിൽ പറയുന്ന സാമാനങ്ങളുടെ ഒരു മാതൃക അയക്കയും, അവയെ ൧൯൦൮ സെപ്റ്റംബർ ൧൫-ാം തീയതി ഉച്ചയ്ക്കു മുമ്പ് പോലീസു സൂപ്രണ്ടിന്റെ ആപ്പീസിൽ കൊടുക്കയും ചെയ്യേണ്ടതാകുന്നു. സാമാനങ്ങളെ വെക്കുന്ന വിലയിൽ അവയെ തിരുവനന്തപുരത്തു സൂപ്രണ്ടിന്റെ ആപ്പീസിൽ എത്തിച്ചുകൊടുക്കുന്നതുവരെ അതിലേക്കുള്ള സകല ചിലവുകളും ഉൾപ്പെട്ടിരിക്കേണ്ടതാകുന്നു.

൪. സൂപ്രണ്ടിന്റെ ആപ്പീസിൽ വച്ചു ടെണ്ടറുകൾ ബോധിപ്പിച്ചിട്ടുള്ളവരിൽ ഹാജരുള്ളവരുടെയോ അവരുടെ ഏജന്റുകളുടെയോ മുമ്പാകെ സെപ്റ്റംബർ ൧൫-ാം തീയതി ഉച്ചതിരിഞ്ഞ് ൨ മണിക്ക് ആ വക ടെണ്ടറുകൾ പൊട്ടിക്കുന്നതാകുന്നു.

൫. അഞ്ഞൂറു രൂപാക്കുമേൽ വിലയുള്ള സാമാനങ്ങൾക്കുള്ള ടെണ്ടറുകളോടുകൂടി പണമായിട്ടോ നോട്ടായിട്ടോ ൫൦ രൂപാ ഡിപ്പോസിറ്റ് കെട്ടിവെക്കണം. ടെണ്ടർ സ്വീകരിക്കപ്പെടുന്നയാൾ ഉടമ്പടിയെ ലംഘിക്കുന്നപക്ഷം അയാൾ ൫൦ രൂപാ ഡിപ്പോസിറ്റിനെ അയാൾക്ക് ഇല്ലാതെയാക്കുന്നതാകുന്നു.

൬. സ്വീകരിക്കപ്പെട്ട ടെണ്ടർ ബോധിപ്പിച്ചിട്ടുള്ളവർ ടെണ്ടർ സ്വീകരിച്ച തീയതി മുതൽ ൧൦ ദിവസത്തിനകം ടെണ്ടറിൽ പറയുന്ന സാമാനങ്ങളുടെ വിലയിൽ പത്തിലൊരു ഭാഗം കെട്ടിവച്ചു എഗ്രിമെന്റു പ്രകാരം ശരിയായി നടന്നുകൊള്ളാമെന്നതിലേക്ക് ഉടമ്പടി എഴുതി കൊടുക്കേണ്ടതാകുന്നു.

൭. ടെണ്ടർ സ്വീകരിക്കുന്നതു സംബന്ധിച്ച് അന്വേഷിച്ചു തീർച്ചപ്പെടുത്തുന്നതാകയില്ല.

൮. അയക്കുന്ന മാതൃകകൾക്കു വില കൊടുക്കുന്നതല്ല. എന്നാൽ അവയെ തിരിച്ചു അയക്കുന്നതിനുള്ള ചിലവു അയച്ച ആൾ വഹിച്ചുകൊള്ളുന്നതായിരിക്കും. സ്വീകരിക്കപ്പെട്ട ടെണ്ടറുകൾക്കുള്ള മാതൃകകളെ പിന്നീടു അയക്കുന്ന സാമാനങ്ങളെ അതുകളോടു ശരിയായിരിക്കുന്നോ എന്നു പരിശോധിപ്പിക്കുന്നതിനു സൂപ്രണ്ടാപ്പീസിൽ വച്ചുകൊള്ളുന്നതും മാതൃകകൾക്കു ഒത്തിരിക്കാത്ത സാമാനങ്ങളെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൯. സാമാനങ്ങൾ ഈ വരുന്ന ഡിസംബർ മാസം ൧൫-ാം തീയതിയോ അതിനു മുൻപായോ മുതൽക്കു എത്തിച്ചുകൊടുക്കേണ്ടതാകുന്നു. ശരിയായ തീയതിക്കകം അവ എത്തിക്കാഞ്ഞാൽ താമസിക്കുന്ന ഓരോ ദിവസത്തിനും ൫ രൂപാ വീതം പിഴ ഒടുക്കണം.

൧൦. വിലപ്പണം മുൻകൂറായി കൊടുക്കുന്നതല്ല. എന്നാൽ എത്തിക്കുന്ന സാമാനങ്ങളുടെ വില ഏതു തീയതി മുതൽ വാങ്ങാം എന്നു കൊടുക്കപ്പെടും.

൧൧. ഏതെങ്കിലും കണക്കുകാരൻ ഉടമ്പടിയുടെ നിബന്ധനകൾ ലംഘിക്കുന്നപക്ഷം അയാൾ കെട്ടിവച്ചിട്ടുള്ള പണം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും ഉടമ്പടിയിൽ പറയുന്ന സാമാനങ്ങൾ പോലീസു സൂപ്രണ്ടിന്റെ ഇഷ്ടപ്രകാരം പരസ്യമായിട്ടോ പ്രൈവറ്റായിട്ടോ എത്തിച്ചുകൊടുക്കുന്നതിൽ വച്ചുണ്ടാകുന്ന നഷ്ടങ്ങളെ വീട്ടിക്കൊള്ളുന്നതിനു സൂപ്രണ്ടിനു അധികാരമുള്ളതാകുന്നു. എന്നാൽ മേൽപ്രകാരം എത്തിച്ചുകൊടുക്കുന്നതിൽ വച്ചുണ്ടാകുന്ന ലാഭത്തിനു അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

൧൨. ൩-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഡിപ്പോസിറ്റ് തുക കരാറു മുഴുവനും നടത്തിയതിന്റെ ശേഷം അല്ലാതെ തിരിച്ചു കൊടുക്കുന്നതും അല്ല.

൧൩. ടെണ്ടറുകളെ എല്ലാമൊ ഏതെങ്കിലുമൊ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതിനു സൂപ്രണ്ടിനു അധികാരമുള്ളതാകുന്നു.

പോലീസ് സൂപ്രണ്ടാഫീസ്,
തിരുവനന്തപുരം,
൧൯൦൮ ആഗസ്റ്റ് ൧൩-

ഡ. എച്ച്. ബെൻസലി,
പോലീസ് സൂപ്രണ്ട്,
തിരുവിതാംകൂർ.

നമ്പർ	ഇനം	സംഖ്യ
൧.	കാക്കി ഉടുപ്പു (നിക്കർ ബോക്സ്)	൩൦൦
൨.	കാക്കി ഉടുപ്പു (നിക്കർ ബോക്സ്) യൂറോപ്യൻ കാൺസ്റ്റബിൾമാർക്കു	൩൫
൩.	ചുവന്ന കട്ടിയാവു ഗജം	൬൩൦
൪.	പട്ടീസ് (കാക്കി) ജോടി	൧൭൦൦
൫.	ഡാർക്ക ഗ്രീൻ ഉടുപ്പുകൾ (നാട്ടുകാൺസ്റ്റബിൾമാർക്കു)	൬൫
൬.	സെർജ് നിക്കർബോക്സ് ടി	൭൫
൭.	വാട്ടർപ്രൂഫ് തുണി തൊപ്പികൾ	൧൦൦
൮.	ബൂട്സ് ജോടി	? ൫൦
൯.	വിത്ത്കാനൂസ വെള്ളിസൈവ (ഹെഡ് കാൺസ്റ്റബിൾമാർക്കു) ഗജം	൧൫൦൦
൧൰.	വെള്ളി ഷെവറൺസ് ഒററ	൧൩൦
൧൧.	ടി ടി ഇരട്ട	൬൫
൧൨.	ടി ടി മൂന്നുകൂടിയതു	൨൫
൧൩.	വെള്ളിഷെൽസ്	൧൨൦
൧൪.	ചുവന്ന ഷെവറൺസ് ഒററ	൫൦൦
൧൫.	ടി ഇരട്ട	൯൦൦
൧൬.	ടി മൂന്നുകൂടിയതു	൩൦൦
൧൭.	ടി നാലുകൂടിയതു	൨൦൦
൧൮.	ടിക്ക ഫോറേജ്കാപ്പ്	൧൫
൧൯.	യൂറോപ്യൻ കാൺസ്റ്റബിൾമാർക്കു ഹെൽമെട്	൧൫
൨൰.	കാക്കി ഹാവർസാക്ക	൨൦൦
൨൧.	വിസിൽ (ചങ്ങലയോടുകൂടി)	൨൦൦
൨൨.	റിസർവായർ ബേർണരോടുകൂടിയതു	൩൦
൨൩.	സിങ്ക് തകിടുകൾ (തലപ്പാവുകൾക്കു)	൧൫൦
൨൪.	നാഴികമണി	൫
൨൫.	കാക്കി ബ്രാഡ്ഫോർഡ് ഗജം	൭൦൦
൨൬.	ബുൾസ്ഐ ലാന്റേൺസ്	൧൦
൨൭.	പിത്തള പാഡ്‌ലാക്കുകൾ	൫൦
൨൮.	കൈവിലങ്ങുകൾ	൨൦൦

൧, ൨ ഇനങ്ങളിൽ പറയുന്ന ഉടുപ്പുകൾ തയ്യാർ ചെയ്യുന്നതിൽ തച്ചതായിരിക്കണം. കാക്കി തുണി ബിന്നി ആന്റ് കമ്പനിക്കാരുടെ വക ഷെയ്ഡ് തുണിയായിരിക്കണം.

മുഴുവൻ പീസ് തുണിയോ അതിന്റെ ശകലമോ കച്ചവട അടയാളവും ഉണ്ടാക്കിയവരുടെ പേരും കൂടി ഉണ്ടായിരിക്കണം.

No. 223/C. D.

NOTICE.

Gopalen proclaimed in "Hue and Cry" No. 172/C. D. dated 15-6-08, published in the Gazette of the 23rd June 1908, has been arrested by constable No. 1323, Kesava Pillai of the Quilon Taluk Station.

Office of the Superintendent of Police, Trivandrum, 13th August 1908.

O. H. BENSLEY,
Superintendent of Police.

നമ്പർ ൨൨൩, സി, ഡി.

നൊട്ടീസ.

൮൩-ാമാണ്ട മിഥുനമാസം [illegible] സി. ഡി. ൧൭൨-ാം നമ്പരായി ഹ്യൂ-അ ന്റ് ക്രൈ പരസ്യം ചെയ്തു വിളംബരം ചെയ്തിട്ടുള്ള പെരുവിവരം പറയുന്ന ഗോപാലനെ കൊല്ലം താലൂക്കിൽ ൧൩൨൩-ാം നമ്പർ കാൺസ്റ്റബിൾ കേശവപിള്ള പിടിച്ചിരിക്കുന്നു.

പൊലീസ സൂപ്രണ്ടെന്റ ആഫീസ
തിരുവനന്തപുരം
൧൯൦൮ ആഗസ്റ്റ ൧൩൹

ഒ. എച്ച്. ബെൻസിലി,
പോലീസ സൂപ്രണ്ടെന്റ

No. 229/C. D.

"HUE AND CRY".

Descriptive roll of the accused in Case No. 60 of 82 under sections 459 and 380 T. P. C. on the Register of the Muvattupuzha Station.

Name—Pareed.
Father's name—Vava.
Age—26 years.
Height—5 ft. 4 inches.
Caste—Mohomedan.
Colour—Brown.

Description.—Body well proportioned; scanty beard; round face; head shaved; a scar about ½ an inch long on the outer part of the right elbow joint; a black shade ¾ inch long and ½ inch broad in front of the neck just below the 'Adam's Apple'; 3 scars of blistering on the abdomen; a scar about the size of a quarter rupee on the right prominent part of the left ankle; hollow chest.

Residence:—Kottakudi Puthenpura in Perumattamkara in Eramalloor proverthy.

He is likely to go to Vaikom, Shertalay, Alleppey, Cochin, Tanavelli, Changanacherry and Thodupuzha.

O. H. BENSLEY,
Superintendent of Police.

Office of the Supt. of Police, Trivandrum, 20th August 1908.

നമ്പർ ൨൨൯/സി ഡി

വിളിച്ചറിയിപ്പ്

മൂവാറ്റുപുഴ കസ്റ്റേഷൻ [illegible] രജിസ്റ്റർ ൮൨-ാം നമ്പർ. റി. പി. കൊ. [illegible] ൬൦-ാം നമ്പർ തി. പി. കൊ. [illegible] വകുപ്പുകൾ പ്രകാരം ഉള്ള കേസ്സിൽ പിടികൊടുക്കാതെ ഒളിച്ചുമാറിനടക്കുന്ന പ്രതിയുടെ അടയാള വിവരം.

പേര്	പരീതു
ജാതി	ജോനകൻ
വയസ്സ്	൨൬
അപ്പന്റെ പേര്	വാവാ
പൊക്കം	൫ അടി ൪ ഇഞ്ചു

വീട്ടുപേര: ഇരമല്ലൂർ പ്രവൃത്തിയിൽ പെരുമറ്റംകരയിൽ കൊട്ടക്കുടി പുത്തൻപുര

വിവരണം:— പുരുനിറം; ഒത്ത ദേഹം; ഉരുണ്ടമുഖം; മൊട്ടത്തല; വലതു കയ്യുടെ മുട്ടിന്റെ പിൻവശത്തു അര ഇഞ്ചു നീളത്തിൽ ഒരു തഴമ്പും. കഴുത്തിൽ തൊണ്ടക്കുഴിയിൽ മുക്കാൽ ഇഞ്ചു നീളം അര ഇഞ്ചു വീതിയിൽ ഒരു കറുത്ത കരയും; അടിവയറ്റിൽ മൂന്നസ്ഥലത്തു പൊക്കിളിൽ പൊള്ളിച്ച പാടുകളും, വലത്തെ കാലിന്റെ പാദത്തിൽ ചെറുവിരൽ സംബന്ധിച്ച 4

[illegible] കൂടാതെ [illegible] വലത്തെ കണ്ണിൽ കാൽ രൂപാ വട്ടത്തിൽ [illegible] പാടുകൾ ഉണ്ട് [illegible].

പ്രവൃത്തി സ്ഥലം — [illegible], ചേർത്തല, ആലപ്പുഴ, കൊച്ചി [illegible] ചങ്ങനാശ്ശേരി തൊടുപുഴ, [illegible].

പോലീസ് സൂപ്രണ്ടാഫീസ്, തിരുവനന്തപുരം ൧൯൦൮ ആഗസ്റ്റ് ൨൦൹

ഒ. എച്ച്. ബെൻസ്‌ലി, പോലീസ് സൂപ്രണ്ട്.

No. 230/C. D.

NOTICE.

Augastee *alias* Kurangu Augastee proclaimed in "Hue and Cry" No. 137 dated 22nd July 1908 published in the Gazette of the 28th July 1908 has been arrested by Constable No. 76, Parameswaran Pillai of the Alwaye Station.

Office of the Superintendent of Police, Trivandrum, 20th August 1908.

O. H. BENSLEY, Superintendent of Police.

നമ്പർ ൨൩൦/സി. ഡി.

നോട്ടീസ്.

൧൯൦൮ ജൂലായി ൨൮-ാം൹-ലെ ഗസറ്റിൽ ൧൩൭-ാം നമ്പരായി ൨൨-൭-൦൮-ൽ പരസ്യം ചെയ്ത വിളിച്ചറിയിപ്പിൽ പേർവിവരം പറയുന്ന കുരങ്ങ് ആഗസ്തി എന്നു വിളിക്കുന്ന ആഗസ്തി എന്നവനെ ആലുവാ സ്റ്റേഷൻ ൭൬-ാം നമ്പർ കാൺസ്റ്റബിൾ പരമേശ്വരൻപിള്ള പിടിച്ചിരിക്കുന്നു.

പോലീസ് സൂപ്രണ്ടാഫീസ്, തിരുവനന്തപുരം ൨൦-൮-൦൮.

ഒ. എച്ച്. ബെൻസ്‌ലി, പോലീസ് സൂപ്രണ്ട്.

No. 231/C. D.

NOTICE.

Vetchu *alias* Pitchoo proclaimed in "Hue and Cry" No. 562 dated 21st July 1896 published in the Gazette of the 4th August 1896 has been arrested by Constables Nos. 615 Krishna Pillai, 447 Chakko, 205 Raman Pillai and 1427 Narayana Pillai of the Alleppey Station.

Office of the Superintendent of Police, Trivandrum, 20th August 1908.

O. H. BENSLEY, Superintendent of Police.

നമ്പർ ൨൩൧/സി. ഡി.

നോട്ടീസ്.

൧൮൯൬ ആഗസ്റ്റ് ൪-ാം൹-ലെ ഗസറ്റിൽ ൫൬൨-ാം നമ്പരായി ആയിരത്തി [illegible] ലെ [illegible] പരസ്യംചെയ്ത വിളിച്ചറിയിപ്പിൽ പേർവിവരം പറയുന്ന വെച്ചു എന്നു വിളിക്കുന്ന പിച്ചു എന്നവനെ ആലപ്പുഴ സ്റ്റേഷൻ ൬൧൫-ാം നമ്പർ കാൺസ്റ്റബിൾ കൃഷ്ണപിള്ളയും ൪൪൭-ാം നമ്പർ കാൺസ്റ്റബിൾ ചാക്കോയും ൨൦൫-ാം നമ്പർ കാൺസ്റ്റബിൾ രാമൻപിള്ളയും ൧൪൨൭-ാം നമ്പർ കാൺസ്റ്റബിൾ നാരായണപിള്ളയുംകൂടി പിടിച്ചിരിക്കുന്നു.

പോലീസ് സൂപ്രണ്ടിന്റെ ആഫീസ്, തിരുവനന്തപുരം ൨൦-൮-൦൮.

ഒ. എച്ച്. ബെൻസ്‌ലി, പോലീസ് സൂപ്രണ്ട്.

232/C. D.

NOTICE.

Narayanan proclaimed in "Hue and Cry" No. 150 dated 21st May 1908 published in the Gazette of the 26th May 1908 has been arrested by Constable No. 1602 Paramesivaran Pillai of Kuthiathode Station.

Office of the Supt. of Police, Trivandrum, 20th August 1908.

O. H. BENSLEY, Superintendent of Police.

നമ്പർ ൨൩൨/സി. ഡി.

നോട്ടീസ്.

൧൯൦൮ മെയ് ൨൬-ാം൹-ലെ ഗസറ്റിൽ ൨൧-൫-൦൮-ൽ ൧൫൦-ാം നമ്പരായി പ്രസിദ്ധപ്പെടുത്തിയ വിളിച്ചറിയിപ്പിൽ പേർവിവരം പറയുന്ന നാരായണൻ എന്നവനെ കുത്തിയതോട് സ്റ്റേഷൻ ൧൬൦൨-ാം നമ്പർ കാൺസ്റ്റബിൾ പരമേശ്വരൻപിള്ള പിടിച്ചിരിക്കുന്നു.

പോലീസ് സൂപ്രണ്ടാഫീസ്, തിരുവനന്തപുരം ൧൯൦൮ ആഗസ്റ്റ് ൨൦൹

ഒ. എച്ച്. ബെൻസ്‌ലി, പോലീസ് സൂപ്രണ്ട്.

No. 233/C. D.

NOTICE.

Gopalan proclaimed in "Hue and Cry" No. 172 dated 15—6—08 published in the Gazette of the 23rd June 1908 has been arrested by Constable No. 1323, Keshava Pillai of the Quilon Taluk Station.

Office of the Superintendent of Police,
Trivandrum, 20th August 1908.

O. H. BENSLEY,
Superintendent of Police.

നമ്പർ ൨൩൩/സി. ഡി.

നോട്ടീസ്.

൧൯൦൮ ജൂൺ ൨൩-നു-ലെ ഗസറ്റിൽ ൧൫-൬-൦൮-ൽ ൧൭൨ ം നമ്പരായി പ്രസിദ്ധപ്പെടുത്തിയ വിളിച്ചറിയിപ്പിൽ പേർവിവരം പറയുന്ന ഗോപാലൻ എന്നവനെ കൊല്ലം താലൂക്ക സ്റ്റേഷൻ ൧൩൨൩ ം നമ്പർ കാൺസ്റ്റബിൾ കേശവപിള്ള പിടിച്ചിരിക്കുന്നു.

പൊലീസ് സൂപ്രണ്ടന്റ ആഫീസ്
തിരുവനന്തപുരം
൧൯൦൮ ആഗസ്റ്റ് ൨൦-

ഒ. എച്ച്. ബെൻസ്ലി
പൊലീസ് സൂപ്രണ്ടന്റ്.



TRAVANCORE GOVERNMENT GAZETTE.

Vol. XLVI.] TRIVANDRUM, TUESDAY, August 25, 1908. / Chingom 10, 1084 No. 34.

SETTLEMENT DEPARTMENT.

സെററിൽമെൻറു സെൻറലാപ്പീസിൽ നിന്നു പരസ്യം ചെയ്യുന്നതു എന്തെന്നാൽ

[illegible] താലൂക്കിൽ സെററിൽമെൻറു സംബന്ധിച്ചു തയാറാക്കപ്പെട്ടിട്ടുള്ളതിൽ താഴെ വിവരം പറയുന്നതായ റിക്കാട്ടുകളെ ഈ പരസ്യം ഗസെററിൽ ചേക്കുന്ന തിയതി മുതൽ ഒരു മാസം കഴിഞ്ഞു ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു. ൧൦൮൪ മാണ്ടു കക്കിടകമാസം ൩൧നു.

സെററിൽമെൻറു ഡിവാൻപേഷ്കാർ എസ്. പത്മനാഭയ്യർ

റിക്കാട്ടുവിവരം

൧. അന്തവാളപ്പേരേടുകളും

൨. തിട്ടപ്പേരേടുകളും

൩. തെളിവുശീട്ടും പട്ടയവും കൊടുത്തതിനുള്ള രസീതു ബുക്കുകളും

൪. ചിട്ടാ തയാറാക്കിയ അടവുകളും

൫. തറ [illegible] തയാറാക്കിയ അടവുകളും

൬. ററു ചെയ്തു തരവാരി. തെളിവുചീട്ടു. പട്ടയം

൭. ഡിമാർക്കേഷൻ നോട്ടു പുസ്തകങ്ങളും

൮. തിരപ്പു വിചാരണ സംബന്ധിച്ച രജിസ്റ്ററുകളും റിക്കാട്ടുകളും

൯. വട്ടവാരി സ്റ്റേറ്റുമെൻറുകളും

൧൦. മാസാന്ത്യകണക്കുകളുടെ സ്ഥലംപ്രതികളും

൧൧. സൂപ്പർവൈസറാപ്പീസു സംബന്ധിച്ച റിക്കാട്ടുകളും

NOTIFICATION.

In accordance with para 5 of the Proceedings of Government No. 8/262 dated 23rd September 1904/18th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 4, Part III, of the Classification and Registration rules published in the Government Gazette of the 2nd Thulam 1080 and in pursuance of Government Proceedings No. 911/L. R. dated 13th February 1907 and of rules for Cherikal settlement published in the Government Gazette of the 2nd April 1907/29th Meenom 1082, it is hereby notified that Registration enquiries of Cherikal lands other than Jenmi Cherikals will be held by Registering officers in the Bharananganam pakuthi of Meenachil taluk from the 11th to the 13th Chingom 1084 to find out the persons who are entitled to be registered as holders of such properties in the said pakuthi.

Owners of such properties who consider themselves to be entitled to the registration of such Cherikals in the above village, should on the dates above specified appear before the said Registering officers in person or by vakil or duly authorised agent with all the oral and documentary evidence which would establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sircar is concerned the decisions of the Registering officers will be final.

Settlement Central Office,
Trivandrum,
29-7-'08/14-12-83.

S. PADMANABHA AIYER,
Settlement Dewan Peishcar.

സെറ്റിൽമെന്റു സെൻട്രൽ ആഫീസിൽ നിന്നു
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

[illegible]

[illegible]

[illegible]

സെറ്റിൽമെന്റു സെൻട്രലാഫീസ്
൧൦൮൩-ാമാണ്ടു കർക്കടകമാസം ൧൪-നു

സെറ്റിൽമെന്റു ദിവാൻപേഷ്കാർ,
എസ്. പത്മനാഭയ്യർ.

NOTIFICATION

In accordance with para 5 of the Proceedings of Government No. S/267 dated 23rd September 1904/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III, of the Classification and Registration rules published in the Government Gazette of the 2nd Thulam 1080, and in pursuance of Government Proceedings No. 949/L. R. dated the 13th February 1907 and of rules for Cherikal settlement published in the Government Gazette of the 2nd April 1907/20th Meenom 1082, it is hereby notified that the Registration enquiries of Cherikal lands other than Jenmi Cherikals will be held by Registering officers in the Karimannur pagudi of Thodupuzha taluk from the 1st to the 30th Thulam 1084 to find out the persons who are entitled to be registered as holders of such properties in the said pagudi.

Owners of such properties who consider themselves entitled to the registration of such Cherikals in the above village, should on the dates above specified appear before the said Registering officers in person, or by vakil or duly authorised agent with all the oral and documentary evidence which would establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned the decisions of the Registering officers will be final.

Settlement Central Office,
Trivandrum,
29-7-'08/14-12-'83.

S. PADMANABHA IYER,
Settlement Dewan Peishkar.

സെററില്മെന്റ സെന്ട്രലാപ്പീസില് നിന്നു
പരസ്യം ചെയ്യുന്നതു എന്തെന്നാല്

സെററില്മെന്റ സംബന്ധിച്ച് ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസെററില് പ്രസിദ്ധപ്പെടുത്തീട്ടുള്ള ൨൬൭-ാം നമ്പര് ഗവര്മ്മെന്റു പ്രൊസീഡിംഗ്സു ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസെററില് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷന് രജിസ്ട്രേഷന് സംബന്ധിച്ച റൂള്സു ൩-ാം ഭാഗം ൧-ാം വകുപ്പിലെയും ചെരിക്കല് സെററില്മെന്റു സംബന്ധിച്ച ൧൦൮൨ കുംഭം ൧-നു-ലെ ഗസെററില് പ്രസിദ്ധപ്പെടുത്തീട്ടുള്ള ൧൯൦൭ ഫെബ്രുവരി ൧൩-നു-ലെ ൯൪൯ എല്. ആര്. നമ്പര് ഗവര്മ്മെന്റു പ്രൊസീഡിംഗ്സിലെയും ൧൦൮൨ മീനം ൨൦-നു-ലെ ഗസെററില് പ്രസിദ്ധപ്പെടുത്തീട്ടുള്ള ൧൦൮൨ മീനം ൧൯-നു കല്പിച്ചു അനുവദിച്ച ചട്ടങ്ങളിലെയും താല്പര്യം അനുസരിച്ചു തൊടുപുഴ താലൂക്കില് കരിമണ്ണൂര് പകുതിയില് ജന്മി ചെരിക്കല് ഒഴികെയുള്ള ചെരിക്കല് വസ്തുക്കളെ രജിസ്റ്റര് ചെയ്യപ്പെടുന്നതിനുള്ള അപേക്ഷകളെപ്പററി രജിസ്ട്രിംഗ് ആപ്പീസര് മുഖാന്തിരം ആ പകുതിയില് വച്ചു ൧൦൮൪-ാമാണ്ടു തുലാമാസം ൧-നു മുതല് ൩൦-നു വരെ വിചാരണ നടത്തി തീര്ച്ച ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

ഈ വസ്തുക്കള് തങ്ങളുടെ പേരില് രജിസ്റ്റര് ചെയ്തു കിട്ടേണ്ടതാണെന്നു വിചാരിക്കുന്ന ആളുകള് അതിലേക്ക് അപേക്ഷിക്കയും തങ്ങളുടെ കൈവശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കാലായും ഉള്ള തെളിവുകളോടു കൂടി തങ്ങള് തന്നെയോ വക്കീലോ അധികാരം സിദ്ധിച്ച കാര്യസ്ഥനോ ആ ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ മേലെഴുതിയ അവധിക്കകം തന്നെ ഹാജരായി തെളിയിക്കപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തില് ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അപേക്ഷകളെ പററി പിന്നീടു ഗൌനിക്കുന്നതല്ലാത്തതും രജിസ്ട്രിംഗ് ആപ്പീസരുടെ തീര്ച്ച അവസാന തീര്ച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

സെററില്മെന്റ സെന്ട്രല് ആപ്പീസു,
൮൩ കര്ക്കടകം ൧൪-നു.

സെററില്മെന്റ ദിവാന്പേഷ്കാര്.
എസ്. പത്മനാഭയ്യര്.

Notification.

In accordance with para 5 of the Proceedings of Government No. S/262 dated 23rd September 1904/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III, of the Classification and Registration rules published in the Government Gazette of the 2nd Thulam 1080, and in pursuance of Government Proceedings No. 949/L R dated 13th February 1907 and of rules for Cherikal settlement published in the Government Gazette of the 2nd April 1907/29th Meenam 1082, it is hereby notified that Registration enquiries of Cherikal lands other than Jenmi Cherikals will be held by Registering officers in the Kumaramangalam pagadi of Thodupuzha taluk from the 5th to 15th Kanni 1084 to find out the persons who are entitled to be registered as holders of such properties in the said pagadi.

Owners of such properties who consider themselves entitled to the registration of such Cherikals in the above village, should on the dates above specified appear before the said Registering officers in person or by vakil or duly authorised agent with all the oral and documentary evidence which would establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sircar is concerned the decisions of the Registering officers will be final.

Settlement Central Office,
Trivandrum, 29-7-08/14-12-83.

S. PADMANABHA IYER,
Settlement Dewan Peishkar.

സെററില്‍മെന്‍റു സെന്‍റല്‍ ആപ്പീസില്‍ നിന്നു
പരസ്യം ചെയ്യുന്നതു എന്തെന്നാല്‍

സെററില്‍മെന്‍റു സംബന്ധിച്ചു ൧൦൮൦ാമാണ്ടു കന്നിമാസം ൧൨൹ലെ ഗസററില്‍ പ്രസിദ്ധപ്പെടുത്തീട്ടുള്ള ൨൬൨ാം നമ്പര്‍ ഗവമ്മെണ്ടു പ്രൊസിഡിംഗ്സ് ൫ാം വകുപ്പിലെയും ൧൦൮൦ തുലാമാസം ൨൹ലെ ഗസററില്‍ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷനും രജിസ്ത്രേഷനും സംബന്ധിച്ചു ചട്ടങ്ങളുടെ ൩ാം ഭാഗം ൧ാം വകുപ്പിലെയും ചേരിക്കല്‍ സെററില്‍മെന്‍റു സംബന്ധിച്ചു ൧൯൦൭ ഏപ്രില്‍ ൨൹ലെ ഗസററില്‍ പ്രസിദ്ധപ്പെടുത്തീട്ടുള്ള ൧൯൦൭ ഫെബ്രുവരി ൧൩൹ലെ ൯൪൯ എല്‍. ആര്‍. നമ്പര്‍ ഗവമ്മെണ്ടു പ്രൊസിഡിംഗ്സിലെയും ൧൦൮൨ മീനം ൨൯൹ലെ ഗസററില്‍ പ്രസിദ്ധപ്പെടുത്തീട്ടുള്ള ൧൦൮൨ മീനം കല്പിച്ചു അനുവദിച്ച ചട്ടങ്ങളിലെയും താല്പര്യം അനുസരിച്ചു തൊടുപുഴ താലൂക്കില്‍ കുമാരമംഗലം പകുതിയില്‍ ജന്മിചേരിക്കല്‍ ഒഴിച്ചുള്ള ചേരിക്കല്‍ വസ്തുക്കള്‍ രജിസ്റ്റര്‍ ചെയ്യപ്പെടുന്നതിനുള്ള അപേക്ഷകളെപ്പററി രജിസ്ത്രേഷന്‍ ആപ്പീസര്‍ ഉദ്യോഗസ്ഥന്മാര്‍ ആ പകുതിയില്‍ വച്ചു ൧൦൮൪ാമാണ്ടു കന്നിമാസം ൫൹ മുതല്‍ ൧൫൹ വരെ വിചാരണനടത്തി തീര്‍ച്ച ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

ഈ വസ്തുക്കള്‍ തങ്ങളുടെ പേരില്‍ രജിസ്റ്റര്‍ ചെയ്തു കിട്ടണമെന്നു വിചാരിക്കുന്ന ആളുകള്‍ അതിലേക്കു അപേക്ഷിക്കേണ്ടതും തങ്ങളുടെ കൈവശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കാലായും ഉള്ള തെളിവുകളോടുകൂടി തങ്ങള്‍ തന്നെയോ വക്കീലോ അധികാരം സിദ്ധിച്ച കാര്യസ്ഥനോ ആ ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ മേലെഴുതിയ അവധിക്കു തന്നെ ഹാജരായി തെളിയിച്ചുകൊള്ളുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തില്‍ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അപേക്ഷകളെ പററി പിന്നീടു ഗൌനിക്കുന്നതല്ലാത്തതും രജിസ്ത്രേഷന്‍ ആപ്പീസരുടെ തീര്‍ച്ച അവസാനതീര്‍ച്ചയായിരിക്കുമെന്നുള്ളതുമാകുന്നു.

സെററില്‍മെന്‍റു സെന്‍ട്രല്‍ ആപ്പീസ്
൧൦൮൩ കര്‍ക്കടകം ൧൪൹

സെററില്‍മെന്‍റു ദിവാന്‍പേഷ്കാര്‍
എസ്സ്. പത്മനാഭയ്യര്‍.

NOTIFICATION.

In accordance with para 5 of the Proceedings of Government No: S./262 dated 23rd September 1904/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III, of the Classification and Registration rules published in the Government Gazette of the 2nd Thulam 1080, and in pursuance of Government Proceedings No. 913/L. R. dated 13th February 1907 and of rules for Cherikal settlement published in the Government Gazette of the 2nd April 1907/29th Meenom 1082, it is hereby notified that the Registration enquiries of Cherikal lands other than Jenmi Cherikal will be held by Registering officers in the Manakaud pagedi, Thodupuzha taluk, from the 15th to 30th Chingom 1084 to find out the persons who are entitled to be registered as holders of such properties in the said pagedi.

Owners of such properties who consider themselves entitled to the registration of such Cherikals in the above village, should on the dates above specified appear before the said Registering officers in person or by vakil or duly authorised agent with all the oral and documentary evidence which would establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sirkar is concerned the decisions of the Registering officers will be final.

Settlement Central Office,
Trivandrum, 29-7-08/14-12-83.

S. PADMANABHA IYER,
Settlement Dewan Peishkar.

സെറ്റിൽമെന്റു സെൻട്രാപ്പീസിൽ നിന്നും
പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സെറ്റിൽമെന്റു സംബന്ധിച്ച് ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള എസ്. ൨൬൨-ാം നമ്പർ ഗവമ്മേന്റു പ്രൊസീഡിംഗ്സ് ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷനും രജിസ്ട്രേഷനും സംബന്ധിച്ച ചട്ടങ്ങൾ ൩-ാം ഭാഗം ൧-ാം വകുപ്പിലെയും ചേരിക്കൽ സെറ്റിൽമെന്റു സംബന്ധിച്ച് ൧൯൦൭ ഫെബ്രുവരി ൧൩-നു-ലെ ൯൧൩-ാം എൽ. ആർ. നമ്പർ ഗവമ്മേന്റു പ്രൊസീഡിംഗ്സിലെയും ൧൦൮൨ മീനം ൨൯-നു-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൦൮൨ മീനം ൧൭-നു കല്പിച്ചു അനുവദിച്ച ചട്ടങ്ങളിലെയും താല്പൎയ്യം അനുസരിച്ച് തൊടുപുഴ താലൂക്കിൽ മണക്കാടു പകുതിയിൽ ജന്മിചേരിക്കൽ ഒഴിച്ചുള്ള ചേരിക്കൽ വസ്തുക്കളെ രജിസ്റ്റർ ചെയ്യപ്പെടുന്നതിനുള്ള അപേക്ഷക്കാരെപ്പറ്റി രജിസ്ട്രേഷൻ ആപ്പീസർ മുഖാന്തരം ആ പകുതിയിൽ വച്ചു ൧൦൮൪-ാമാണ്ടു ചിങ്ങമാസം ൧൫-നു മുതൽ ൩൦-നു വരെ വിചാരണ നടത്തി തീൎച്ച ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

ഈ വസ്തുക്കളെ തങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തുകിട്ടേണമെന്നു വിചാരിക്കുന്ന ആളുകൾ അതിലേക്കു മേൽപറഞ്ഞിരിക്കുന്ന തങ്ങളുടെ കൈവശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കാലുമായും ഉള്ള തെളിവുകളോടു കൂടി തങ്ങളോ തങ്ങളുടെ വക്കീലോ അധികാരം സിദ്ധിച്ച കാൎയ്യസ്ഥന്മാരോ മേൽ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ മേലെഴുതിയ അവധികളിൽ തന്നെ ഹാജരായി ബോധിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന അവധി കഴിഞ്ഞു ബോധിപ്പിക്കുന്ന അപേക്ഷകളെപ്പറ്റി പട്ടയം കൊടുക്കുന്നതല്ലാത്തതും രജിസ്ട്രേഷൻ ആപ്പീസർമാരുടെ തീൎച്ച അവസാന തീൎച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

സെറ്റിൽമെന്റു സെൻട്രലാപ്പീസ്
൧൦൮൩ കൎക്കടകം ൧൪-നു

സെറ്റിൽമെന്റു ദിവാൻപേഷ്കാർ
എസ്സ്. പത്മനാഭയ്യർ

Notification.

In accordance with para 5 of the Proceedings of Government No. 8/293 dated 23rd September 1904/8th Kanni 1080, Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with para 1, Part III, of the Classification and Registration rules published in the Government Gazette of the 2nd Thulam 1080, and in pursuance of Government Proceedings No. 919/L. R. dated 13th February 1907 and of rules for Cherikal settlement published in the Government Gazette of the 2nd April 1907/29th Meenom 1082, it is hereby notified that Registration enquiries of Cherikal lands other than Jenmi Cherikals will be held by Registering officers in the Meenachil pagudi of Meenachil taluk from the 17th to 20th Chingom 1084 to find out the persons who are entitled to be registered as holders of such properties in the said pagudi.

Owners of such properties who consider themselves entitled to the registration of such Cherikals in the above village, should on the dates above specified appear before the said Registering officers in person or by vakil or duly authorised agent with all the oral and documentary evidence which would establish their claims.

Claims set up after the prescribed period will not be considered for the issue of pattahs and so far as the person responsible for the payment of tax to the Sircar is concerned the decisions of the Registering officers will be final.

Settlement Central Office,
Trivandrum, 29-7-08/14-12-83.

S. PADMANABHA IYER,
Settlement Dewan Peishkar.

സെററിൽമെൻറു സെൻട്രൽ ആഫീസിൽ നിന്നു.

രജിസ്ത്രേഷൻ റെഗുലേഷൻ നൂറാം വകുപ്പനുസരിച്ചുണ്ടായിട്ടുള്ള നൂറാം റൂൾപ്രകാരം ൧൦൮൩-ാമാണ്ട കൎക്കടകമാസം [illegible] ലെ [illegible] നമ്പർ ഗസറ്റിൽ രജിസ്ത്രേഷൻ ഷീറ്റ [illegible] മുതൽ [illegible] വരെ വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരസ്യത്തിൽ ഒന്നാമതായി [illegible] രജിസ്ത്രാർ കച്ചേരിയിലെ [illegible] ആധാരത്തിന്റെ നമ്പർ [illegible] എന്നു കാണുന്നതിനെ [illegible] എന്നു വായിക്കേണ്ടതാകുന്നു.

൧൦൮൩ ആടി [illegible]

പി. ജി. നാണുപിള്ള.
കൊട്ടയം ഡിസ്ത്രിക്ട രജിസ്ത്രാർ.



TRAVANCORE GOVERNMENT GAZETTE.

Vol. XLVI.] TRIVANDRUM, TUESDAY, August 25, 1908. / Chingom 10, 1084. No. 34.

PUBLIC WORKS DEPARTMENT.

Wanted

Draftsmen for appointments in the P. W. D., Travancore. Salary ranges between 30 and 50 and will be fixed according to the qualifications. Candidates must have passed the Draftsmen's Test or the Lower Subordinates' Test or any other Government Technical Examinations equivalent thereto. They must be below 25 years of age and must produce medical certificate of fitness. Applications with specimen drawings should be submitted so as to reach the undersigned on or before the 30th August 1908.

A. H. BASTOW,
Chief Engineer,
Travancore P. W. D., Trivandrum.

Wanted

Matriculates for appointments as clerks on Rs. 10 (ten) per mensem for service in any part of Travancore including the hilly tracts of Kodayar, Peermade and the High Range. Appointments permanent and pensionable.

Applicants must be below 25 years of age and produce medical certificates of fitness. Applications should reach the undersigned on or before the 15th September 1908.

A. H. BASTOW,
Chief Engineer,
Travancore P. W. D.,
Trivandrum.



TRAVANCORE GOVERNMENT GAZETTE.

VOL. XLVI.] TRIVANDRUM, TUESDAY, August 25, 1908. / Chingom 10, 1084. No. 34.

TOWN IMPROVEMENT COMMITTEE.

പട്ടണ പരിഷ്കരണ കമ്മിററി ആലപ്പുഴ.

൧൦൮൩ മിഥുനം ൨൯-നു ൧൯൦൮ ജൂലൈമാസം ൧൩-നു ബുധനാഴ്ച കൂടിയ യോഗത്തിലെ നടപടികൾ.

ഹാജർ.

മിസ്റ്റർ കെ. എസ്. ഷെപ്പാ ബി. എ. പ്രെസിഡെണ്ട്.

" ഇ. ജെ. ചെറിയാൻ കത്തനാ.

മ. രാ. രാ. എ. പരമേശ്വരപ്പണിക്കർ അവർകൾ.

യോഗം കാലത്തു ൧൧ മണിക്കു കൂടി.

I. കഴിഞ്ഞയോഗത്തിലെ മിനിട്ടുകൾ വായിച്ചു.

II. ൧൦൮൪ മാണ്ടത്തേക്കുള്ള ബഡ്ജട്ട് എസ്റ്റിമേട്ടിനെ കുറിച്ചു സംബന്ധിച്ചുള്ള ഗവമെണ്ട് പ്രൊസീഡിങ്ങ്സിന്റെ പകൎപ്പ് അയച്ചു, ൧൦൮൩ മിഥുനം ൨൬-നു G ൪൫൭൦-ം നമ്പരിൽ അയക്കപ്പെട്ട ഗവമെണ്ട് ലെട്ടർ വായിച്ചു.

അടുത്ത ഒരു ദിവസം കൂടുന്നതായ ഒരു വിശേഷാൽ യോഗത്തിൽ ൟ വിഷയത്തെപ്പററി പൎയ്യാലോചിക്കാം എന്നു നിശ്ചയിച്ചു.

III. ൧൦൮൪ മാണ്ടത്തേക്കു സംസ്ഥാനത്തിൽ പ്ലേഗു തടയുന്നതിലേക്കു ൫൦൦൦ രൂപാ അനുവദിച്ചു ഉണ്ടായ ഗവമെണ്ട് പ്രൊസീഡിംഗ്സിന്റെ പ്രതി അയച്ചു, ജൂലായി ൨൩-നു G ൪൬൫൨-ം നമ്പരിൽ അയക്കപ്പെട്ട ഗവമെണ്ട് ലട്ടർ വായിക്കപ്പെട്ടു.

ആലപ്പുഴക്കു അനുവദിച്ചിട്ടുള്ള സംഖ്യ എത്രയാണെന്നു അറിയുന്നതിലേക്കു ഗവമെണ്ടിലേക്കു എഴുതി ചോദിക്കാൻ നിശ്ചയിച്ചു.

IV. ചെങ്ങന്നൂർ അസിസ്റ്റണ്ട് സാനിട്ടറി ആഫീസർ തനിക്കു കൊടുത്തിരുന്ന അഡ്വാൻസു തുകയിൽനിന്നു, ൭൦ സക്കാർ രൂപാ ൨൭ ചക്രത്തിനു ഒരു ഹുണ്ഡി അയച്ചു ൧൦൮൩ മിഥുനം ൨൦-നു ൫൪൦-ം നമ്പരിൽ അയച്ച ലട്ടറും അയാൾ അയച്ച തോട്ടികളുടെ വകക്കു ചിലവാക്കിയതിനുള്ള വിവരം ആയ കണക്കും വായിച്ചു.

റിക്കാർഡു ചെയ്തു.

V. മൈൽ ഒന്നിനു പത്ത ഇഞ്ചു വീതം സ്കേൽ ഉള്ള രണ്ടു പടങ്ങൾ (ആലപ്പുഴ ടൌൺ പടവും [illegible] സർവെ പടവും) കമ്മിട്ടിക്കു അയച്ചുതരണമെന്നു പ്രസ്താവിച്ചു സർവെ ഡിപ്പാർട്ടുമെന്റു സൂപ്രണ്ടിന്റെ [illegible] നമ്പർ എഴുതിയ ലെറ്ററിന്റെ പകർപ്പു അയച്ചു [illegible] P. W. നമ്പരായി അയച്ച ഗവർമ്മെന്റ് ലെറ്റർ വായിച്ചു.

ഏകദേശം മൈൽ ഒന്നിനു [illegible] ഇഞ്ചു വീതം എങ്കിലും ഉള്ള സ്കേൽ വിസ്താരം കൂടാതെ [illegible] പടം ലഭിച്ചാലല്ലാതെ, ടൌണിലെ റോഡുകളിലും മറ്റും ഉള്ള സ്ഥലാതിക്രമണങ്ങളെ [illegible] സംഗതിയിൽ വലിയ പ്രയോജനം ഒന്നും ഉണ്ടായിരിക്കയില്ല; സ്ഥലാതിക്രമണ സംഗതികളിൽ [illegible] സ്ഥലം മാത്രമേ സാധാരണമായി ഉൾപ്പെടുകയുള്ളൂ; അതുകൊണ്ടു [illegible] ഒരു പടം കിട്ടണം എന്നു ഗവർമ്മെണ്ടിനോടു അപേക്ഷിക്കാൻ നിശ്ചയിച്ചു.

VI. [illegible] അയച്ച [illegible] നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടും, ഇരുമ്പു പാലത്തിനു സമീപം [illegible] റോഡിൽ [illegible] ചെയ്തു സ്ഥലാതിക്രമണത്തിന്റെ സംഗതിയിൽ [illegible] അയച്ച നോട്ടീസും വായിച്ചു.

ഈ വിഷയത്തിൽ [illegible] അയച്ച സമാധാനവും വായിച്ചു.

ഈ സമാധാനം തൃപ്തികരമല്ലായ്കയാൽ [illegible] വകുപ്പനുസരിച്ചു അയാളെ പ്രോസിക്യൂട്ട ചെയ്വാൻ നിശ്ചയിച്ചു.

VII. [illegible] പുരയിടങ്ങളിലെ അപായകര സ്ഥിതിയിൽ [illegible] ഗോവിന്ദൻ [illegible] ഗോവിന്ദപ്പണിക്കർക്കും അയച്ച നോട്ടീസു നടത്തിയയച്ചു [illegible] നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ടും, നോട്ടീസു അനുസരിക്കപ്പെട്ടിട്ടില്ലെന്നു [illegible] എഴുതിയ മഹസർ വായിച്ചു.

നോട്ടീസു അനുസരിക്കുന്നതിലേക്കു [illegible] ദിവസത്തെ അവധികൂടി കൊടുത്തു അവർക്കു വീണ്ടും നോട്ടീസുകൾ അയക്കാൻ നിശ്ചയിച്ചു.

VIII. [illegible] മാസത്തേക്കു [illegible] കച്ചവടത്തിനു പ്രെസിഡെന്റു കൊടുത്ത [illegible] ലൈസൻസുകളുടെ ലിസ്റ്റ് വായിച്ചു.

൧. [illegible]

൨. [illegible] നാരായണൻ

൩. [illegible]

ഇവർ [illegible] മാസത്തേക്കു [illegible] കച്ചവടം ചെയ്യുന്നതിനു.

൪. [illegible] മാസത്തേക്കു [illegible] ചില്ലറക്കച്ചവടത്തിനു.

കൊടുക്കപ്പെട്ട ലൈസൻസുകളെ സ്ഥിരപ്പെടുത്താൻ നിശ്ചയിച്ചു.

IX. [illegible] സ്കാവെഞ്ചിംഗ് നടത്തുന്ന [illegible] നമ്പരിൽ സാനിട്ടറി ഇൻസ്പെക്ടർ എഴുതിയ റിപ്പോർട്ട് വായിച്ചു.

കഴിഞ്ഞ യോഗത്തിൽ അഭിപ്രായപ്പെട്ട സ്കാവെഞ്ചു സംബന്ധിച്ച [illegible] കമ്മിട്ടി [illegible] ഏല്പിക്കാൻ [illegible] തീരുമാനിച്ചു [illegible] ചെയ്യണമെന്നും നിശ്ചയിച്ചു.

X. [illegible] പുരയിടത്തിന്റെ [illegible] എഴുതിയ എഴുത്തു വായിച്ചു.

ഈ [illegible] നോട്ടീസു അയക്കാൻ നിശ്ചയിച്ചു.

യോഗം [illegible] പിരിഞ്ഞു.

കെ. എൻ. [illegible]
പ്രെസിഡെന്റു.

പട്ടണ പരിഷ്കരണ കമ്മിററി കൊല്ലം.

൧൯൦൩ ആഗസ്റ്റ് ൨൫-ാം തീയതി ചൊവ്വാഴ്ച കൂടിയ ഒരു സാധാരണ യോഗത്തിലെ നടപടികൾ.

ഹാജര്‍.

മ. രാ. രാ. കെ. അനന്തനാരായണ അയ്യര്‍ അവര്‍കള്‍ ബി. എ. ബി. എല്‍.
(വൈസ് പ്രസിഡണ്ട്)

ഒ. എസ്. ബാരൊ എസ്ക്വയര്‍

മ. രാ. രാ. പി. കേശവപിള്ള അവര്‍കള്‍ ബി. എ. ബി. എല്‍.

ഉച്ചതിരിഞ്ഞു അഞ്ചുമണിക്കു യോഗം ആരംഭിച്ചു.

൧. ചില വ്യാപാരങ്ങള്‍ ചെയ്യുന്ന ഏതാനും ആളുകള്‍ ലൈസന്‍സ് വാങ്ങണം എന്നുള്ള നിര്‍ബ്ബന്ധപൂര്‍വ്വമായ ചട്ടത്തെ കൂടക്കൂടെ ലംഘിച്ചിരിക്കുന്നു എന്നു കാണിച്ചും അവരുടെ വ്യാപാരത്തെ തടയുന്നതിനും സാമാനങ്ങളെ പിടിക്കുന്നതിനും തനിക്കു അധികാരം കിട്ടണമെന്നു അഭിപ്രായപ്പെട്ടും ആക്ടിംഗ് സാനിട്ടറി ഇന്‍സ്പെക്ടര്‍ [illegible] നമ്പരായി അയച്ച റിപ്പോര്‍ട്ട് വായിച്ചു.

ഇന്‍സ്പെക്ടര്‍ അഭിപ്രായപ്പെട്ടപ്രകാരമുള്ള നടപടി നടത്തുന്നതിനു നിയമത്തിലൊ ചട്ടങ്ങളിലൊ വ്യവസ്ഥ ഒന്നും ഇല്ല. ഈപ്രകാരം ചട്ടത്തെ ലംഘിച്ചിരിക്കുന്നതിനു ദൃഷ്ടാന്തങ്ങള്‍ കൂടക്കൂടെ കമ്മിറ്റിയുടെ അറിവില്‍ വന്നിട്ടുള്ളതുകൊണ്ടു ഓരോ കൊല്ലത്തിലേയും ഒന്നാമത്തെ മാസത്തില്‍ ചട്ടപ്രകാരം ലൈസന്‍സ് വാങ്ങുന്നതിനു ആവശ്യപ്പെട്ടിട്ടുള്ള പല കച്ചവടങ്ങളും കാലദേശപാത്രങ്ങളും സ്വീകരിക്കുന്ന ഒരു ലിസ്റ്റ തയ്യാറാക്കി നിയമപ്രകാരം കാലെകൂട്ടി നടപടി നടത്തുന്നതിനു വേണ്ടി കമ്മിറ്റിക്കു അയക്കുന്നതിനു സാനിട്ടറി ഇന്‍സ്പെക്ടരോടു ആജ്ഞാപിക്കണമെന്നു നിശ്ചയിച്ചു.

൨. പിറാര്‍ എന്ന ഒരാളുടെ പറമ്പില്‍ അയല്‍ക്കാര്‍ക്കു ഉപദ്രവകരമായ വിധത്തില്‍ ഒരു കക്കൂസ് ഉണ്ടാക്കിയിരിക്കുന്നതായി സാനിട്ടറി ഇന്‍സ്പെക്ടര്‍ [illegible] നമ്പരില്‍ അയച്ച റിപ്പോര്‍ട്ട് വായിച്ചു.

കക്കൂസ് പുരയിടത്തിന്റെ ഇത്ര ഉപദ്രവകരമല്ലാത്ത മറ്റൊരു ഭാഗത്തു മാററുന്നതിനും അതു വൃത്തിയായി സൂക്ഷിക്കുന്നതിനും അയാള്‍ക്കു നോട്ടീസ് അയക്കണമെന്നു നിശ്ചയിച്ചു.

൩. ശിപായിമാര്‍ക്കു വെള്ളക്കുപ്പായങ്ങളും തൊപ്പികളും കൊടുക്കണമെന്നു കാണിച്ചു സാനിട്ടറി ഇന്‍സ്പെക്ടര്‍ [illegible] അയച്ച [illegible] നമ്പര്‍ റിപ്പോര്‍ട്ട് വായിച്ചു.

തല്‍ക്കാലത്തെ ശിപായിമാര്‍ക്കു ഇപ്പോള്‍ കൊടുക്കുന്ന തൊപ്പികള്‍ മതിയെന്നും ഈ തൊപ്പികള്‍ ധരിക്കുന്നതിനു ബെല്‍ട്ടുകള്‍ ആവശ്യമില്ലെന്നും നിശ്ചയിച്ചു. ജോലിയില്‍ പ്രവേശിച്ചിരിക്കുന്ന സമയമെല്ലാം അവയെ ധരിക്കുന്നതിനു സാനിട്ടറി ഇന്‍സ്പെക്ടര്‍ ശിപായിമാരെ നിര്‍ബ്ബന്ധിക്കേണ്ടതാകുന്നു.

൪. ഒരാള്‍ ലൈസന്‍സു കൂടാതെ [illegible]കച്ചവടം ചെയ്യുന്നു എന്നു കാണിച്ചു സാനിട്ടറി ഇന്‍സ്പെക്ടര്‍ [illegible] നമ്പരായി അയച്ച റിപ്പോര്‍ട്ട് വായിച്ചു.

റിപ്പോര്‍ട്ടില്‍ പറഞ്ഞിട്ടുള്ള ശങ്കരന്‍ വേലായുധനും കൊച്ചിട്ട്യും ഉണ്ണിച്ചെക്കിയും അവരെ പ്രാസിക്യൂട്ടു ചെയ്യാതിരിക്കാന്‍ കാരണം ഉണ്ടെങ്കില്‍ കാണിക്കുന്നതിനു നോട്ടീസ് അയക്കണമെന്നു നിശ്ചയിച്ചു.

൫. ലൈസന്‍സു കൂടാതെ [illegible] കച്ചവടം ചെയ്യുന്നതിനു [illegible] അവരെ പ്രാസിക്യൂട്ടു ചെയ്യുന്നതിനു അനുവാദത്തിനു അപേക്ഷിച്ചു സാനിട്ടറി ഇന്‍സ്പെക്ടര്‍ [illegible] നമ്പരായി അയച്ച റിപ്പോര്‍ട്ട് വായിച്ചു.

ഒരു മാസത്തിനകത്തില്‍ ലൈസന്‍സിനുള്ള ഫീസ് കെട്ടണമെന്നും അങ്ങനെ ചെയ്യാത്തപക്ഷം അയാളെ പ്രാസിക്യൂട്ടു ചെയ്യുമെന്നും കാണിച്ചു അയാള്‍ക്കു ഒരു നോട്ടീസ് അയക്കണമെന്നു നിശ്ചയിച്ചു.

൭. സള്‍ഫ്യൂറിക് ആസിഡ്, മിത്തിലേറ്റഡ് സ്പിരിട്ട്, ടര്‍പ്പന്‍റയിന്‍ ഇവ വ്യാപാരം ചെയ്യുന്നതിനു എന്തു ലൈസന്‍സ് ഫീസ് ചുമത്തണമെന്ന് അറിയിക്കാന്‍ അപേക്ഷിച്ച സാനിട്ടെറി ഇന്‍സ്പെക്ടര്‍ [illegible] നമ്പരായി അയച്ച റിപ്പോര്‍ട്ട് വായിച്ചു.

ഈ വസ്തുക്കള്‍ വ്യാപാരം ചെയ്യുന്നതിനു ഫീസ് ചുമത്താന്‍ ഒരു പ്രത്യേകമോ ഇപ്പോഴത്തെ ചട്ടപ്രകാരം ഇല്ലാത്തതിനാല്‍ ഈ സംഗതി ഗവര്‍മ്മെണ്ടില്‍ ചോദിക്കണമെന്നു നിശ്ചയിച്ചു.

൧ [illegible] കമ്മിട്ടി വക ബഡ്ജറ്റു അനുവദിക്കുന്ന G. O. No വായിച്ചു.

അതു സാമാജികന്മാര്‍ക്ക് അയച്ചു കൊടുക്കണമെന്നു നിശ്ചയിച്ചു.

൮. അനാവശ്യമില്ലാത്ത വല്ല സ്ഥലത്തുനിന്നും ഒരു വഴിവിളക്കു മാറി റെയില്‍വേ സ്റ്റേഷനില്‍ കൂടുതല്‍ സ്ഥാപിക്കണമെന്നു അറിയിച്ച [illegible] ലെ G. [illegible] നമ്പര്‍ ഹജൂര്‍ ലട്ടര്‍ വായിച്ചു.

സത്രം കമ്മിട്ടിയില്‍ നിന്ന മേല്‍വിചാരം ചെയ്യുന്ന ഒരു കെട്ടിടം ഇല്ലാത്തതിനാലും കമ്മിട്ടി വകയ്ക്കു തന്നെ കൂടുതല്‍ വിളക്കുകള്‍ ആവശ്യപ്പെട്ടിരിക്കുന്നതിനാല്‍ വിളക്കുകള്‍ കൊടുക്കാന്‍ നിവൃത്തിയില്ലാത്തതുകൊണ്ടും ആ സ്ഥാപനത്തിനു നിശ്ചയിച്ചിട്ടുള്ള തുകയില്‍ നിന്നു ഒരു വിളക്കു നിര്‍ത്തുന്നതിനു ഡിവാന്‍ പേഷ്കാരോടു അപേക്ഷിക്കണമെന്നു നിശ്ചയിച്ചു.

൯. പ്ലേഗിനെ തടുക്കുന്നതിനു വേണ്ട ചിലവിനു [illegible] അലോട്ടമെന്‍റ് അനുവദിച്ചു വന്ന G. O. No. വായിച്ചു.

റിക്കാര്‍ഡു ചെയ്തു.

൧൦. മണ്ണെണ്ണ മുതലായ സാധനങ്ങള്‍ വ്യാപാരം ചെയ്യുന്ന കൊല്ലം ടൌണിലെ ചില്ലറ കച്ചവടക്കാര്‍ കമ്മിട്ടിയില്‍ നിന്നും ലൈസന്‍സ് വാങ്ങുന്നതില്‍ നിന്നും അവരെ ഒഴിക്കണമെന്നു അപേക്ഷിച്ച് അയച്ച ഹര്‍ജി ഹജൂരില്‍ നിന്നു പ്രസിഡണ്ടിനയച്ചതും അതിന്മേല്‍ സാനിട്ടെറി ഇന്‍സ്പെക്ടരുടെ റിപ്പോര്‍ട്ടും വായിച്ചു.

ഹര്‍ജിക്കാരുടെ അപേക്ഷ അനുവദിക്കാന്‍ പാടില്ലെന്നു നിശ്ചയിച്ചു.

൧൧. താഴെപ്പറയുന്നവരുടെ [illegible] ലൈസന്‍സിനുള്ള ഹര്‍ജികള്‍ വായിച്ചു.

(൧) സി. സി. കുപ്പുസ്വാമി, (ഏ.സി. കോശിയുടെ ഏജന്‍റ്)

(൨) ഷാന്‍ ഇംഗ്ലീഷ് മെര്‍ച്ചന്‍റ്സ് (ആയുധങ്ങളും വെടിമരുന്നും മുതലായവ കച്ചവടം ചെയ്യുന്നതിനു)

(൩) പി. [illegible] പിള്ള (എണ്ണ കച്ചവടം ചെയ്യുന്നതിനു)

അപേക്ഷിച്ചിട്ടുള്ള ലൈസന്‍സുകള്‍ കൊടുക്കണമെന്നു നിശ്ചയിച്ചു.

ഉച്ചതിരിഞ്ഞു ൪ മണി ൧൫ മിനിട്ടിനു യോഗം പിരിഞ്ഞു.

കെ. അനന്തനാരായണ അയ്യര്‍,
വൈസ് പ്രസിഡണ്ട്.

പട്ടണപരിഷ്കരണ കമ്മിററി കോട്ടയം.

൧൦൮൪-ാമാണ്ടു ചിങ്ങമാസം ൧൦-ാം൹ ബുധനാഴ്ച കൂടിയ ഒരു സാധാരണ യോഗത്തിലെ നടപടികൾ.

ഹാജർ.

മ. രാ. രാ. എൻ. സുബ്രഹ്മണ്യയ്യർ അവർകൾ എം. എ. പ്രസിഡണ്ട്.
" സി. ഗോവിന്ദപ്പിള്ള അവർകൾ ബി. എ. ബി. എൽ. വൈസ്പ്രസിഡണ്ട്.
മിസ്റ്റർ സി. പി. തോമസ് അവർകൾ ബി. എ. എൽ. ടി.
മ. രാ. രാ. കെ. ആർ. പരമേശ്വരൻപിള്ള അവർകൾ
മിസ്റ്റർ എം. എം. വറുഗീസ് അവർകൾ
" പി. എം. ചാക്കോ അവർകൾ ബി. എ.

൧. പട്ടണത്തിലെ നവ്യ റോഡുകളുടെ അതിരു നിശ്ചയിച്ചിട്ടുള്ള പേരുകളോടുകൂടിയ ലിസ്റ്റ് വായിക്കയും അംഗീകരിക്കയും ചെയ്തു.

പ്രസിഡണ്ട് അടയാളപ്പലകകൾ നിർത്തുന്നതിനു വേണ്ട നടപടികൾ ചെയ്യണമെന്നു നിശ്ചയിച്ചു.

൨. കൂടുതൽ ആദായം ഉണ്ടാകുന്നതിനായി ആട്ടിറച്ചിയും മാട്ടിറച്ചിയും വില്ക്കുന്നതിനുള്ള പുരകൾ കെട്ടുന്നതിനുള്ള സ്ഥലങ്ങളെ പ്രത്യേകം പ്രത്യേകം ലേലം ചെയ്യണമെന്നു ശിപാർശ ചെയ്തു ൧൦൮൩ കർക്കടകം ൨൮-ാം൹ ൧൪൦-ാം നമ്പരായി സാനിട്ടറി ഇൻസ്പെക്ടർ അയച്ച റിപ്പോർട്ട് വായിച്ചു.

അനുവദിച്ചു.

൩. മുൻകൂട്ടി ഇൻസ്പെക്ടരുടെ അനുമതി സിദ്ധിക്കാത്തതും മുദ്രവയ്ക്കാത്തതും ആയ ഒരു കാളയെ കശാപ്പു ചെയ്തു ഭക്ഷണയോഗ്യമല്ലാത്തതായ ഒരു ഭാഗം മാംസം വിററതിനു ആന്റണി ഡിക്രൂസ് എന്ന ആളെയും അയാളുടെ ഏജന്റായ മത്തായി ഏബ്രഹാം എന്ന ആളിനെയും പ്രാസിക്യൂട്ടു ചെയ്യണമെന്നും ആ ആന്റണി ഡിക്രൂസിനു കൊടുത്തിട്ടുള്ള ലൈസൻസ് റദ്ദു ചെയ്യണമെന്നും ശിപാർശ ചെയ്തു ൧൦൮൩ മിഥുനം ൨൩-ാം൹ ൧൦൯-ാം നമ്പരായി സാനിട്ടറി ഇൻസ്പെക്ടർ അയച്ച റിപ്പോർട്ട് വായിച്ചു.

റിപ്പോർട്ടിനോടു ഒരുമിച്ചു വന്ന മഹസർ വായിച്ചു.

ആന്റണി ഡിക്രൂസിനെ പ. പ. ക. റെഗുലേഷൻ ൫൨-ാം വകുപ്പുപ്രകാരവും മത്തായി ഏബ്രഹാമിനെ ശിക്ഷാനിയമം ൨൭൨-ാം വകുപ്പുപ്രകാരവും പ്രാസിക്യൂട്ടു ചെയ്യണമെന്നു നിശ്ചയിച്ചു.

ആന്റണി ഡിക്രൂസിനു കൊടുത്തിട്ടുള്ള ലൈസൻസുകൾ റദ്ദു ചെയ്യണമെന്നും നിശ്ചയിച്ചു.

൪. അഞ്ചു ഏഴാം നമ്പർ റോട്ടിലേക്കു ഇറക്കി ഒരു കയ്യാല കെട്ടിയിരിക്കുന്നതായി ൧൦൮൩ മിഥുനം ൨൯-ാം൹ ൧൧൬-ാം നമ്പരായി സാനിട്ടറി ഇൻസ്പെക്ടർ അയച്ച റിപ്പോർട്ട് വായിച്ചു.

൧൫ ദിവസത്തിനകം കല്ലുകൾ മാററണമെന്നു അഞ്ചു എന്ന ആളിനു റെഗുലേഷൻ ൩൦-ാം വകുപ്പു അനുസരിച്ചു ഒരു നോട്ടീസ് അയക്കണമെന്നു നിശ്ചയിച്ചു.

൫. തിരുനക്കര ചന്തക്കു വടക്കുവശമുള്ള മൈതാനത്തിന്റെ പടിഞ്ഞാറുവശത്തുള്ള ഒരു തുണ്ടു സ്ഥലം മൈതാനത്തിനെ നീട്ടുന്നതിനായി സർക്കാരിലേക്കു എടുക്കണമെന്നു ശിപാർശ ചെയ്തു ൧൦൮൩ കർക്കടകം ൭-ാം൹ ൧൨൦-ാം നമ്പർ സാനിട്ടറി ഇൻസ്പെക്ടർ അയച്ച റിപ്പോർട്ട് വായിച്ചു.

പൊന്നുംവില റെഗുലേഷൻ പ്രകാരം ഉള്ള സാക്ഷീകരണ വിവരണങ്ങൾ ഡിവിഷൻ പേഷ്കാർ മുഖാന്തിരം ലഭിച്ചതിന്റെ ശേഷം ആ തുണ്ടു സ്ഥലത്തെ സർക്കാരിലേക്കു എടുത്തു കമ്മിറ്റിയുടെ അധീനത്തിൽ വയ്ക്കുന്നതിനു ഗവർമെണ്ടിനോടു അപേക്ഷിക്കണമെന്നു നിശ്ചയിച്ചു.

എൻ. സുബ്രഹ്മണ്യയ്യർ.
പ്രസിഡണ്ട്.

പട്ടണപരിഷ്കരണ കമ്മറ്റി യോഗം.

[illegible] -ാം തീയതി കൂടിയ കമ്മറ്റിയുടെ യോഗത്തിലെ നടപടികൾ.

ഹാജർ:—

൧. മ. രാ. രാ. എൻ. [illegible] അവർകൾ ബി. എ. ആക്ടിംഗ് പ്രസിഡണ്ട്.
൨. എസ്സ്. [illegible]
൩. മ. രാ. രാ. കെ. കൃഷ്ണൻ പണ്ടാല അവർകൾ ബി. എ. ബി. എൽ.

വൈകുന്നേരം [illegible] മണിക്കു യോഗം ആരംഭിച്ചു.

൧. [illegible] യോഗത്തിലെ [illegible] നിശ്ചയിച്ചു.

൨. വാടിയുടെ [illegible] സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ വായിച്ചു.

[illegible] കമ്പനിക്കാരുടെ [illegible] റിപ്പോർട്ട് [illegible] പ്രതീക്ഷിച്ചിരിക്കുന്നു.

൩. വൈസ് പ്രസിഡണ്ടിന്റെ [illegible] ഫെബ്രുവരി [illegible] എഴുത്തു വായിച്ചു.

[illegible] നിശ്ചയിച്ചു.

൪. [illegible] കമ്മിറ്റിയുടെ [illegible] സംബന്ധിച്ചു സാനിട്ടറി ഇൻസ്പെക്ടർ [illegible] റിപ്പോർട്ട് വായിച്ചു.

ഈ സംഗതിയെക്കുറിച്ചു ഉടനെ നടപടി നടത്തണമെന്നു നിശ്ചയിച്ചു.

൫. [illegible] സംബന്ധിച്ചു [illegible] സാനിട്ടറി ഇൻസ്പെക്ടർ [illegible] റിപ്പോർട്ട് വായിച്ചു.

ആ സ്ഥലം സർക്കാർവകയോ കുടിയാനവകയോ എന്നു റിപ്പോർട്ട് ചെയ്യുന്നതിനു കൊല്ലം തഹസീൽദാരോടു ചോദിക്കണമെന്നു നിശ്ചയിച്ചു.

൬. [illegible] സാനിട്ടറി ഇൻസ്പെക്ടർ [illegible] 625 [illegible] നമ്പരായി അയച്ച റിപ്പോർട്ട് വായിച്ചു.

ഇപ്പോൾ ചെയ്തുവരുന്നതുപോലെ തന്നെ മേലും ചെയ്യണമെന്നു നിശ്ചയിച്ചു.

൭. സോഡാ ഉണ്ടാക്കുന്നവർ ലൈസൻസ് വാങ്ങുന്നതിനു നിർബന്ധിക്കണമെന്നു കാണിച്ചു സാനിട്ടറി ഇൻസ്പെക്ടർ [illegible] നമ്പരായി അയച്ച റിപ്പോർട്ട് വായിച്ചു.

൫. ൨. ക റെഗുലേഷനിലെ പ്രവൃത്തി ൪൦ സംഗതികൾ സംബന്ധിക്കുന്നതല്ലായ്കയാൽ ഒരു നടപടിയും നടത്താൻ ഇടയില്ലെന്നു നിശ്ചയിച്ചു.

പട്ടണത്തിൽ വില്ക്കുന്ന സോഡാവാട്ടറിന്റെ ഗുണസ്ഥിതിയെപ്പറ്റി കൂടക്കൂടെ റിപ്പോർട്ടു ചെയ്യണമെന്നു സാനിട്ടറി ഇൻസ്പെക്ടരോടു ആജ്ഞാപിക്കണമെന്നു നിശ്ചയിച്ചു.

൮. കമ്മിട്ടിയുടെ ഉത്തരവുപ്രകാരം പ്രാസിക്യൂട്ടു ചെയ്ത കേസുകളിൽ കോടതികൾ സ്ഥലം ... മജിസ്ട്രേട്ടു വിട്ടതായി കാണിച്ചു സാനിട്ടറി ഇൻസ്പെക്ടർ ൬൩ മേടം ൨൬-ാം ൧൦൭൭-ൽ നമ്പരായി അയച്ച റിപ്പോർട്ടു വായിച്ചു.

൪൦ കേസിലെ ജഡ്ജിമെന്റിന്റെ പകർപ്പു വാങ്ങി അയക്കുന്നതിനു സാനിട്ടറി ഇൻസ്പെക്ടരോടു ആജ്ഞാപിക്കണമെന്നു നിശ്ചയിച്ചു.

താഴെ പറയുന്ന സംഗതികൾ അടങ്ങിയ ഒരു രജിസ്റ്റർ വെയ്ക്കുന്നതിനു ഇൻസ്പെക്ടരോടു ആജ്ഞാപിക്കണമെന്നു നിശ്ചയിച്ചു (൧) പ്രാസിക്യൂട്ടു ചെയ്യേണ്ടുന്ന നോട്ടീസു അയച്ച ആളുകളുടെ പേരുവിവരം (൨) ആ പ്രാസിക്യൂഷനെ കമ്മിട്ടി കല്പിക്കുകയോ നടത്താൻ ഉത്തരവു കൊടുക്കയോ ചെയ്തതു എന്നു (൩) പ്രാസിക്യൂഷൻ എപ്പോൾ എവിടെ നടത്തി എന്നു (൪) പ്രാസിക്യൂഷന്റെ ഫലവും ജഡ്ജിമെന്റിന്റെ തിയതിയും.

൯ വിളക്കുകൾക്കു അറാകനമ്പോട്ടിയതിനും, നമ്പരിട്ടതിനും ഒരു ലോക്കൽസർവിനും സാനിട്ടറി ഇൻസ്പെക്ടർ ൬൩ മേടം ൨൬-ാം ൧൦൭൭-ൽ നമ്പരായി അയച്ച റിപ്പോർട്ടു വായിച്ചു.

മേല്പറഞ്ഞ അറാകനമ്പോട്ടിയതിനു ൧൬ രൂപാ ൧൦ ചക്രം അനുവദിക്കണമെന്നു നിശ്ചയിച്ചു. വിളക്കുകൾക്കു നമ്പരിടുന്ന കാര്യത്തിൽ, ആ വേല നടത്തുന്നതിനു ചിലവു ൨൦ രൂപായിൽ കവിയാത്തപക്ഷം മെസ്സേഴ്സ് ബ്രീമൻ കമ്പനിക്കാരോടു അപേക്ഷിക്കുന്നതിനു സാനിട്ടറി ഇൻസ്പെക്ടരോടു ആജ്ഞാപിക്കണമെന്നും വിളക്കു കൊളുത്തു ചിലവിൽ നിന്നു മിച്ചമായി നിന്നതും ചിലവു ചെയ്യണമെന്നും നിശ്ചയിച്ചു.

൧൦. ൧൦൭൭-ാമാണ്ടിലേക്കു ലൈസൻസിനു താഴെ പറയുന്നവരുടെ അപേക്ഷകളും അവയിന്മേൽ സാനിട്ടറി ഇൻസ്പെക്ടരുടെ റിപ്പോർട്ടും വായിച്ചു.

(൧) മൈതീൻകണ്ണു റാവുത്തർ (൨) അസനാർ ... ആടുകളെ കൊന്നു അറുത്തു വില്ക്കുന്നതിനും (൩) മൈതീൻകണ്ണു ലബ്ബയിൽ (൪) അഹമ്മത് ... സേട്ട്, കൊപ്രാകച്ചവടം ചെയ്യുന്നതിനു (൫) കൊച്ചുണ്ണി ... (൬) ... (൭) ഗോപാലകൃഷ്ണൻ പട്ടർ (൮) അനന്തപ്പൻ ... (൯) തയിലുരോസ് ഇബ്രാഹിംകുട്ടി (൧൦) മൈതീൻ മീരാസാഹിബ്, എണ്ണ ചില്ലറക്കച്ചവടം ചെയ്യുന്നതിനു (൧൧) തൊമ്മൻ ... ചിരട്ട വ്യാപാരം ചെയ്യുന്നതിനു (൧൨) ... പനയോലക്കച്ചവടം ചെയ്യുന്നതിനു.

൧, ൨-ം അപേക്ഷകന്മാർക്കു ആടുകളെ കൊന്നു അറുത്തു വില്ക്കുന്നതിനും, ൩-ം ൪-ം നമ്പർ അപേക്ഷകന്മാർക്കു കൊപ്രാകച്ചവടം ചെയ്യുന്നതിനും, ൬-ം ൭-ം അപേക്ഷകന്മാർക്കു ഒരേ സ്ഥലത്തു ഒരേ സമയത്തു ൧൦ റാത്തലിൽ അധികം ഗ്യാലൻ എണ്ണ ശേഖരിക്കയില്ലെന്നുള്ള വ്യവസ്ഥയിന്മേൽ എണ്ണ ചില്ലറക്കച്ചവടം ചെയ്യുന്നതിനും, ൧൧-ാം നമ്പർ അപേക്ഷകന്നു ചിരട്ട കച്ചവടം ചെയ്യുന്നതിനും, ൧൨-ാം നമ്പർ അപേക്ഷകന്നു പനയോല കച്ചവടം ചെയ്യുന്നതിനും ലൈസൻസു കൊടുക്കണമെന്നു നിശ്ചയിച്ചു.

൧൧. ആയുധങ്ങളും വെടിമരുന്നു മുതലായവയും വില്ക്കുന്നതിനു ൧൦൭൭-ാമാണ്ടത്തേക്കു ലൈസൻസിനു ... പിള്ളയുടെ അപേക്ഷ വായിച്ചു.

അപേക്ഷകനു ൭൬ കൊല്ലത്തേക്കു ലൈസൻസു ഉള്ളതുകൊണ്ടും ഇവ ശേഖരിക്കുന്നതിനുള്ള കെട്ടിടം ഒരു മേൽത്തരമായതുകൊണ്ടും അയാൾക്കു ൧൦൭൭-ാമാണ്ടത്തേക്കു ലൈസൻസു കൊടുക്കണമെന്നു നിശ്ചയിച്ചു.

൧൨. എല്ലാ ലൈസൻസു വാങ്ങിയവരുടെയും ഒരു ലിസ്റ്റ് ആവശ്യമുള്ള എല്ലാ വിവരങ്ങളും കൂടി സൂക്ഷിക്കണമെന്നു സാനിട്ടറി ഇൻസ്പെക്ടരോടു ആജ്ഞാപിക്കണമെന്നു നിശ്ചയിച്ചു.

൧൩. ഒഴിവു വരാൻ പോകുന്ന കമ്മിറ്റി വക ക്ലാർക്ക ജോലിക്ക അപേക്ഷിച്ച സബ് ഓവർസീയർ അഴകിയനമ്പിയാപിള്ളയും വേലക്കെട്ട് [illegible] കൊല്ലം ഒന്നാം ക്ലാസ്സ മജിസ്ത്രേട്ടു ക്ലാർക്ക സംബന്ധംപിള്ളയും അയച്ച ഹർജികൾ വായിച്ചു.

കമ്മിറ്റി ക്ലാർക്ക മാധവൻപിള്ളക്ക അനുവദിച്ച അവധിയിൽ പ്രിവിലെജ് അവധിയുടെ ഭാഗം കഴിയുന്നതിനു മുമ്പെ ൧൩-ം വക ഹർജികളെക്കുറിച്ചു ആലോചിക്കാൻ ഇടയില്ലെന്നും തല്ക്കാലത്തേക്ക ഒന്നാം തരം രജിസ്ത്രാർ കമ്മിറ്റി ക്ലാർക്കിന്റെ ജോലി നോക്കണമെന്നും നിശ്ചയിച്ചു.

൧൪. കമ്മിറ്റി ക്ലാർക്ക മാധവൻപിള്ളക്ക മദ്രാസിൽ പോയി പഠിക്കുന്നതിനു ശിപാർശ ചെയ്തിട്ടുള്ള സ്കാളർഷിപ്പു കൊടുക്കാൻ ഇടയില്ലെന്നു കാണിച്ചു ൧൯൦൫ ജൂൺ ൨൨-ാം G. ൩൮൨൯-ം നമ്പരായി ഹജൂരിൽ നിന്നു വന്ന ലെട്ടർ വായിച്ചു.

റിക്കാർഡു ചെയ്തു.

൧൫. ൨ മാസത്തേയും ൨൦ ദിവസത്തേയും പ്രിവിലെജ് അവധിക്കു അതിനെ തുടൎന്നു ൩ മാസത്തേയും ൧൦ ദിവസത്തേയും അന്യതാവകാശം പ്രമാണിച്ചുള്ള അവധിക്കു കമ്മിറ്റി ക്ലാർക്ക മാധവൻപിള്ളയുടെ അപേക്ഷ വായിച്ചു.

൨ മാസത്തേയും ൨൦ ദിവസത്തേയും പ്രിവിലെജ് അവധിയും ൩ മാസത്തേയും ൧൦ ദിവസത്തേയും അന്യതാവകാശം പ്രമാണിച്ചുള്ള അവധിയും അനുവദിക്കണമെന്നു നിശ്ചയിച്ചു. (സി. എസ്. ആർ. ൧൩൭-ം വകുപ്പ ൨-ം ഖണ്ഡപ്രകാരം)

യോഗം വൈകുന്നേരം ൭ മണിക്ക പിരിഞ്ഞു.

എൻ. രാജരാമയ്യർ,
ആക്ടിംഗ് പ്രസിഡെണ്ട.

പട്ടണപരിഷ്കരണ കമ്മിററി കോട്ടയം.

൧൯൦൫ ജൂലൈ ൩൧-ക്ക ൧൦൮൦ ആടി ൧൬-ാം വെള്ളിയാഴ്ച കൂടിയ ഒരു വിശേഷാൽ യോഗത്തിലെ നടപടികൾ.

ഹാജർ.

മ. രാ. രാ. എൻ. സുബ്രഹ്മണ്യഅയ്യർ അവർകൾ എം. ഏ. പ്രസിഡെണ്ട.
മിസ്റ്റർ. പി എം. ജേക്കബ് എൽ, എം എസ്.
,, പി. എം. ചാക്കൊ ബി. ഏ.
,, സി. പി. തോമസ് ബി. ഏ. എൽ. ടി.
മ. രാ. രാ. കെ. ആർ. പരമേശ്വരൻപിള്ള അവർകൾ.
മിസ്റ്റർ എം. എം. വറുഗീസ്.

൧. കമ്മിറ്റിയുടെ ൧൦൮൦ [illegible] ബഡ്ജറ്റു അനുവദിച്ചതായ ൧൯൦൫ ജൂൺ [illegible] ൩൦-ാം നമ്പർ ഗവർമ്മെണ്ട പ്രൊസീഡിങ്ങിന്റെ പകൎപ്പു വായിച്ചു.

ഗവർമ്മെണ്ട പ്രൊസീഡിങ്ങിൽ അഭിപ്രായപ്പെട്ടിട്ടുള്ളപ്രകാരം ടൌണിനകത്തുള്ള വീടുകൾക്ക വരി ചുമത്തുന്നതിനെക്കുറിച്ചു വാദപ്രതിവാദം ചെയ്തു.

ടൌണിലുള്ള എല്ലാ വീടുകളുടേയും ഒരു ലിസ്റ്റ് ഓരോ വീട്ടിന്റെയും ഉടമസ്ഥന്റേയും അതിലെ പാൎപ്പുകാരുടേയും പേരുവിവരങ്ങളും അതിൽനിന്നുള്ള ആദായവും കാണിച്ചു തയാറാക്കി ൧൦൮൧ ചിങ്ങം ൧൫-ാം യൊ അതിനുമുമ്പൊ അയക്കുന്നതിനു സാനിട്ടെറി ഇൻസ്പെക്ടരോടു ആവശ്യപ്പെടണമെന്നു നിശ്ചയിച്ചു.

൨. സബ് ഓവർസീയർ സി. മാത്യൂവിനു ൧൫ ദിവസത്തെ പ്രിവിലെജ് അവധികൂടി തുടൎച്ചയായി അനുവദിക്കണമെന്നു ശിപാർശചെയ്തു ൧൯൦൫ ജൂലൈ ൨൦-ാം നമ്പരായി സാനിട്ടെറി ഇൻസ്പെക്ടർ അയച്ച റിപ്പോർട്ടു വായിച്ചു.

ശിപാർശ ചെയ്തിട്ടുള്ള അവധി അനുവദിക്കണമെന്നു നിശ്ചയിച്ചു.

എൻ. സുബ്രഹ്മണ്യഅയ്യർ,
പ്രസിഡെണ്ട.

പട്ടണപരിഷ്കരണ കമ്മിററി ആലപ്പുഴ.

൧൦൮൩ ആനി മാസം ൩൧-ക്കു ൧൯൦൮ ജൂലൈ ൧൫-ാം ബുധനാഴ്ച കമ്മിട്ടിയുടെ ആപ്പീസിൽ കൂടിയ ഒരു വിശേഷാൽ യോഗത്തിലെ നടപടികൾ.

ഹാജർ

മിസ്റ്റർ കെ. എൻ. അയിപ്പ ബി. എ. പ്രസിഡണ്ടു.
,, ഇ. ജെ. ചെറിയാൻ.
മ. രാ. രാ. എസ്. കൃഷ്ണയ്യർ അവർകൾ ബി. ഏ. ബി. എൽ.
,, എ. പരമേശ്വരപ്പണിക്കർ അവർകൾ.
മിസ്റ്റർ എ. എം. ജേക്കബ് ബി. എ., എം. ബി. സി. എം.

൧ കഴിഞ്ഞ യോഗത്തിലെ നടപടിക്കുറിപ്പു വായിച്ചു.

൨. ൧൦൮൪-ാമാണ്ടത്തെ ബഡ്ജറ്റു എസ്റ്റിമേറ്റ് സംബന്ധിച്ച ഗവർമ്മെണ്ടു പ്രൊസീഡിംഗ്സ് സഹിതം ൧൯൦൮ ജൂൺ ൨൦-ാം ൫൭൮-ാം നമ്പരായി അയച്ച ഗവർമ്മെണ്ടു ലെറ്റർ വീണ്ടും വായിച്ചു.

ഗവർമ്മെണ്ടു ഗ്രാൻറു ൫൦൦൦ രൂപായിൽ നിന്നു ൩൫൦൦ രൂപയായിട്ടു കുറച്ചതിനെ സംബന്ധിച്ചു, ഗവർമ്മെണ്ടു അണ്ടുതോറും ൫൦൦൦ രൂപായിൽ കുറയാതെ ഒരു ഗ്രാൻറു കമ്മിട്ടിക്കു അനുവദിച്ചു കൊടുക്കേണ്ടതാണെന്നു വിവരിക്കുന്ന ൧൦൬൯ ലെ ൩-ാം റെഗുലേഷൻ ൧൫-ാം വകുപ്പു ൧-ാം ക്ലാസ്സും ഗവർമ്മെണ്ടിനെ ചൂണ്ടിക്കാണിക്കണമെന്നും, മേല്പറഞ്ഞ റെഗുലേഷൻ നടപ്പിൽ വന്ന അന്നുമുതൽക്കു മുമ്പിലത്തെ ആണ്ടായ ൧൦൬൯ ലെ ഗ്രാൻറു ഇതായിരുന്നു എന്നും, സാധാരണ നടപ്പുള്ള ചിലവുകൾക്കുതന്നെ ഫണ്ടു ഇല്ലാത്ത കമ്മിററിയുടെ ജോലി നടപ്പിനു വലുതായ വിഘാതം നേരിടുമെന്നു ഗവർമ്മെണ്ടിനെ അറിയിക്കണമെന്നും നിശ്ചയിച്ചു.

ആലപ്പുഴ ടൌണിലെ നിവാസികൾ, സംസ്ഥാനത്തെ മറെറല്ലാ ടി. ഐ. സി. ടൌണുകളിലെയും നിവാസികൾ ഒരുമിച്ചുകൂടി ചെയ്യുന്നതിനെക്കാൾ കൂടുതലായി സ്ഥലാവശ്യങ്ങൾക്കായി ചിലവു ചെയ്യുന്നുണ്ടെന്നും ഇപ്പോഴത്തെ അവസ്ഥക്കു അവരുടെമേൽ കൂടുതൽ കരം ചുമത്തുന്നതു വാസ്തവത്തിൽ സങ്കടമായിരിക്കുമെന്നും ഗവർമ്മെണ്ടിനെ അറിയിക്കണമെന്നും നിശ്ചയിച്ചു.

പ്രസിഡണ്ടും ഉദ്യോഗസ്ഥ സാമാജികന്മാരും തങ്ങളുടെ അഭിപ്രായം പറഞ്ഞില്ലെങ്കിലും ബഡ്ജററിൽ അനുവദിച്ചിട്ടുള്ള ചിലവുകളുടെ ആവശ്യത്തെപ്പററി അറിയുന്നതിനു കൂടുതൽ സൌകര്യമുള്ള കമ്മിട്ടി, നിരോധിക്കപ്പെട്ടിട്ടുള്ള പല ചിലവുവകകളെയും കുറയ്ക്കുന്നതിനു വഴി കാണുന്നില്ലെന്നും അതുകൊണ്ടു ൧൦൮൪-ാമാണ്ടത്തെക്കുള്ള ബഡ്ജററു എസ്റ്റിമേററിനെ ഒന്നുകൂടി ആലോചിക്കുന്നതിനു ഗവർമ്മെണ്ടിനോടു അപേക്ഷിക്കണമെന്നും നിശ്ചയിച്ചു.

കെ. എൻ. അയിപ്പ,
പ്രസിഡണ്ടു.

പട്ടണപരിഷ്കരണ കമ്മിററി തിരുവനന്തപുരം.

൧൯൦൮ ജൂലൈ ൧൮-ാം/൧൦൮൩ ആടി ൩-ാം ശനിയാഴ്ച കൂടിയ ഒരു യോഗത്തിലെ നടപടികൾ.

മ. രാ. രാ. പി. രാമകൃഷ്ണ അയ്യർ അവർകൾ ബി. എ. പ്രസിഡണ്ടു.
,, ആർ. രംഗനാഥ അയ്യർ അവർകൾ ബി. എ. വൈസ് പ്രസിഡണ്ടു,
,, ഒ. എസ്. രാമസ്വാമി അയ്യർ അവർകൾ ബി. എ. ബി. സി. ഇ.
,, എച്ച്. മഹാദേവ അയ്യർ അവർകൾ ബി. എ.
,, കെ. നാരായണൻതമ്പി അവർകൾ
മിസ്റ്റർ. എം. ജോസെഫ് എം. ആർ. സി. പി. ഇ. എം. ആർ. സി. എസ്. ഇ. എൽ. എഫ്. പി. എസ്. ജി.
,, ഹാജി ഓവുഴ് ഹാജി ജാഫർ സേട്ട്

൫. ഗവർന്മെണ്ടിൽ നിന്നുള്ള താഴെപ്പറയുന്ന എഴുത്തുകൾ വായിച്ചു റിക്കാഡ് ചെയ്തു; അതനുസരിച്ചു നടപടികൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

(ക) ടൌണിലെ മുപ്പതു കിണറുകൾ ഇറച്ചു നന്നാക്കുന്നതു സംബന്ധിച്ചു ൧൦൮൩ കർക്കടകം ൨൦-ാം യിലെ G. ൪൮൭൩-ാം നമ്പർ ലെട്ടർ.

(ഖ) ഹെൽത്ത് ഡിപ്പാർട്ടുമെണ്ടിലെ ആവശ്യത്തിലേക്കു നാലു പോടികളെ വാങ്ങുന്നതിനു (൨൫) ഇരുപത്തഞ്ചു രൂപാ അനുവദിച്ചു ൧൦൮൩ കർക്കടകം ൨൦-ാം യിലെ G. ൪൮൭൫-ാം നമ്പർ ലെട്ടർ

(ഗ) എഴുന്നള്ളത്തോടുകൂടി കന്യാകുമാരി മുതലായ സ്ഥലങ്ങളിലേക്കു പോകുന്നതിലേക്കു കൊട്ടാരത്തിൽ ചെല്ലുന്നതിനു കോട്ടാരം അസിസ്റ്റൻ്റു സാനിട്ടേറി ഇൻസ്പെക്ടർ ഹരിഹരഅയ്യരോടു അറിയിക്കണമെന്നു അപേക്ഷിച്ചു ൧൦൮൩ കർക്കടകം ൨൦-ാം Pol. ൩൦൯൦-ാം നമ്പരായി അയച്ച ലെട്ടർ.

൬. തെക്കൻ ഡിവിഷനിലെ ഫസ്റ്റ് സ്ഥലംമാറ്റപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ മിസ്റ്റർ എസ്. ഇ. വൈറ്റിൻ്റെ ഒഴിവിൽ പകരം അസിസ്റ്റൻ്റ് സർവീയർ മിസ്റ്റർ ജോസഫിനെ മൂന്നു വർഷക്കാലത്തേക്കു കമ്മിറ്റിയിൽ ഒരു മെമ്പറായി നിയമിച്ചിരിക്കുന്നു എന്നു അറിയിച്ചു ൧൦൮൩ കർക്കടകം ൨൦-ാം G. ൪൮൭൩-ാം നമ്പരായി അയച്ച ഗവർന്മെണ്ടു ലെട്ടർ വായിച്ചു.

സന്തോഷത്തോടുകൂടി റിക്കാഡു ചെയ്തു.

൭. കാണിക്കാറ മാർക്കറ്റിലേക്കു കൂട്ടമായി ഒരു ശിപായിയെ നിയമിക്കുന്നതിനെ സംബന്ധിച്ചു ൧൦൮൩ മിഥുനം ൨൮-ാം തിയതിയിലെ G. ൩൬൦൦-ാം നമ്പർ ലെട്ടറിനെ ഓർമ്മിപ്പിക്കാൻ ൧൦൮൩ കർക്കടകം ൪-ാം അയച്ച G. ൪൫൩൬-ാം നമ്പർ ലെട്ടർ.

ആവശ്യപ്പെട്ട മറുപടി അയക്കുന്നതിനു പ്രസിഡണ്ടിനോടു അപേക്ഷിക്കണമെന്നു നിശ്ചയിച്ചു.

൮. നിയമനം ചെയ്യുന്നതിനു കമ്മിറ്റിയാൽ അപേക്ഷിക്കപ്പെട്ട ആ പ്രത്യേക ഉദ്യോഗം എന്തായിരിക്കേണ്ടതെന്നു അറിയിക്കുന്നതിനു അപേക്ഷിച്ചു ൧൦൮൩ കർക്കടകം ൭-ാം G. ൪൬൨൩-ാം നമ്പരായി അയച്ച ഗവർന്മെണ്ടു ലെട്ടർ വായിച്ചു.

൨൫ രൂപാ ശമ്പളമുള്ള സ്പെഷ്യൽ അസിസ്റ്റൻ്റു സാനിട്ടേറി ഇൻസ്പെക്ടർ വേലയ്ക്കു നിയമനം ചെയ്യപ്പെടേണ്ടതാണെന്നു അഭിപ്രായപ്പെട്ടിട്ടുള്ളതെന്നും, സ്റ്റേഷനിലെ ഫീസ് പിരിക്കുന്ന ഡിപ്പോസിറ്റ് ജോലി കൊടുത്തിട്ടുള്ള ൨൫ രൂപാ ശമ്പളമുള്ള അസിസ്റ്റൻ്റു സാനിട്ടേറി ഇൻസ്പെക്ടർമാരിൽ ഒരാളെപ്പറ്റിയാണ് നിശ്ചയത്തിൽ പറഞ്ഞിട്ടുള്ളതെന്നും, എന്നാൽ ഗവർന്മെണ്ടിലേക്കു അയച്ചിട്ടുള്ള സ്റ്റേറ്റുമെണ്ടിൽ ആ ആളിനെ അങ്ങനെ പേർ പറഞ്ഞിട്ടില്ലെന്നും കാണിച്ചു ഗവർന്മെണ്ടിലേക്കു ഒരു റിപ്പോർട്ടു അയക്കണമെന്നു നിശ്ചയിച്ചു.

൯. ൧൦൮൪ അടുത്ത കൊല്ലത്തെ ഗവർന്മെണ്ടു ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുള്ള പരസ്യപ്രകാരം കൺസെർവൻസി വക കാളകൾക്കു ൧൦൮൪ ആണ്ടത്തേക്കു വേണ്ട വയ്ക്കോൽ മുതലായ സാമാനങ്ങൾ ഏൽപ്പിക്കുന്നതിനുള്ള കരാറു ലേലം വിളിച്ചു.

(ക) വയ്ക്കോലും തവിടും ഏല്പിക്കുന്നതിനുള്ള കരാറു ൧൦൮൪ ആണ്ടത്തെ കരാറുകാരനായ മീരാൻപിള്ളയ്ക്കും (ഖ) പരുത്തിക്കുരുവും കാണവും ഏല്പിക്കുന്നതിനുള്ള കരാറു നാരായണൻ പത്മനാഭനും അവർ പിടിച്ച തുക ഏറ്റവും കുറഞ്ഞതായിരിക്കുന്നതിനാൽ, കൊടുക്കണമെന്നു നിശ്ചയിച്ചു.

൧൦. ൨൫ രൂപാ ശമ്പളമുള്ള അസിസ്റ്റൻ്റു സാനിട്ടേറി ഇൻസ്പെക്ടർമാരിൽ ഒരാളെ ൩൫ രൂപാ ശമ്പളമുള്ള അസിസ്റ്റൻ്റു സാനിട്ടേറി ഇൻസ്പെക്ടരുടെ ജോലിക്കു തിരിഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചു ൧൦൮൩ കർക്കടകം ൨൦-ാം ൨൭൨-ാം നമ്പരായി ഹെൽത്താഫീസർ അയച്ച റിപ്പോർട്ടും അതു സംബന്ധിച്ച മററു റിക്കാർഡുകളും വായിച്ചു.

൩൫ രൂപായുടെ ജോലി ഇപ്പോൾ ൨൫ രൂപാ ശമ്പളമുള്ള അസിസ്റ്റൻ്റു സാനിട്ടേറി ഇൻസ്പെക്ടർ ഷൺമുഖംപിള്ളയ്ക്കു കൊടുക്കണമെന്നു ഭൂരിപക്ഷം നിശ്ചയിച്ചു. മെസ്സേഴ്സ് ഒ. എസ്. രാമസ്വാമി അയ്യരും ജൊസഫും തിരിഞ്ഞെടുപ്പിനെ ചെന്നില്ലാ മിസ്റ്റർ നാരായണൻ തമ്പി ഗോവിന്ദമെനവനു അനുകൂലമായി പറഞ്ഞു.

പി. രാമകൃഷ്ണ അയ്യർ
പ്രസിഡണ്ടു.

பட்டண பரிஷ்கரண கம்மிட்டி நாகர்கோவில்.

$\frac{1908\text{-}7\text{-}11}{1083\text{-}11\text{-}28}$ ஷ சனிக்கிழமை கூடின மீட்டிங்கின் நடவடிக்கை.

ஆஜர்.

ம. ர. ர. எல். சங்கரப்பிள்ளை அவர்கள் பி. எ., வைஸ் பிரசிடண்டு.
,, எச். இராமசுப்பய்யர் அவர்கள் பி. எ.
,, கெ. வி. நடேசய்யர் அவர்கள் பி. எ., பி. இ., ஸி. இ.
மிஸ்டர் கெ. வி. சாண்டி எல். எம். எஸ்.
ம. ர. ர. எல். சுப்பிரமணியய்யர் அவர்கள்.
,, மீனாக்ஷி செட்டியார் அவர்கள்

I. கம்மிட்டியின் 1084-மாண்டேக்குள்ள பட்ஜட் அனுமதித்துள்ளதான கவர்ன்மெண்ட் ப்ரொஸீடிங்ஸின் நகல் அனுப்பிக் கவர்ன்மெண்ட் செக்ரிட்டரி 1908 ஜூன் 20உ G. 4181-ம் தேதி எழுதின லெட்டர் வாசிக்கலாயிற்று.

1076-மாண்டேக்குக் கவர்ன்மெண்ட் அனுமதித்த 7,346 ரூபாய்த் தொகை முழுவதும் பெறும் பொருட்டுக் கம்மிட்டிக்கு 83 வது வருப்பு முதலாவது விலக்கின்படி அவகாச முண்டெனக் கவர்ன்மெண்டைத் தெரிவிக்கவும் அந்தத் தொகையை அனுமதிக்கும்படிக் கவர்ன்மெண்டைக் கேட்கவுஞ் செய்யத் தீர்மானிக்கலாயிற்று.

II. 1084-மாண்டேக்கு டௌனிலுள்ள குப்பைகளை அகற்றிக்கொள்ளும் பொருட்டு வேண்டியபடி நபர்கள் வாராததால், விற்பனையை பின்னொரு நாட்காக நீக்கி வைக்கவேண்டுமெனவும், விற்பனை நோட்டீஸ் மீண்டும் டௌனில் தமுக்கடித்துப் பிரசாரஞ் செய்யவேண்டுமெனவும் தீர்மானிக்கலாயிற்று.

III. வடிவீசுவரத்துக் கண்டச்சங்குளத்தில் மிஸ்டர் அய்யன்பிள்ளையும் மிஸ்டர் பெருமாள்பிள்ளையும் என்கிரோச்சு செய்திருப்பதைப் பற்றி அகஸ்தீசுவரம் தாசில்தார் 1083 ஆவணி 27உ 822 வது நம்பரில் எழுதின லெட்டரும் அதைத் தழுவியுள்ள பேப்பர்களும் வாசிக்கப்பட்டன, அய்யன்பிள்ளையின் வாக்கில் கூறின வாதமும் கேட்கலாயிற்று.

அந்தவிடம் புறம்போக்காயிருந்தாலுங் கூட அதைப் பேரிற்பதிப்பதற்குக் கம்மிட்டிக்குச் சம்மதமெனக் கூறி இந்தக் கேஸ்களை டிவான்பேஷ்காருக்குத் தீருமானத்துக்காக அனுப்பும்படி நிச்சயிக்கலாயிற்று.

IV. கிராமத்துக்குக் கிழக்குள்ள புறம்போக்கை வடிவீசுவரம் சாமசுப்பிரமணியய்யருடையவும் நாராயணய்யருடையவும் பேரிற் பதிக்கும் பொருட்டுக் கேட்டு அவர்கள் எழுதின மனு வாசிக்கலாயிற்று.

இவ்விஷயத்தில் கம்மிட்டிக்கு ஒன்றுஞ் செய்யமுடியாது.

எல். சங்கரப்பிள்ளை,
பிரசிடண்ட்.

Trivandrum Observatory Notices.

Meteorological Observations From the 17th to the 23rd August 1908.		Monday. 17th Aug. 1908.	Tues. 18th Do.	Wed. 19th Do.	Thurs. 20th Do.	Friday. 21st Do.	Sat. 22nd Do.	Sun. 23rd Do.	Total fall of rain During the week.	From 1st Jan. 1908
		inch.	inch.	inch.	inch.	inch.	inch.	inch.	inch.	inch.
Reduced Atmospheric Pressure Maximum	9 A. M.	29·715	29·716	29·686	29·699	29·683	29·698	—		
Id. Id. Minimum	3 P. M.	·580	·595	·575	·568	·589	·601	—		
Temperature of Air	6 A. M.	75·0	75·0	74·9	74·8	75·1	75·0	—		
Id. Id.	3 P. M.	85·0	84·1	83·2	83·1	83·2	86.2	—		
Id. of Evaporation	6 A. M.	72·9	72·9	73·1	72·9	73·9	73·0	—		
Id. Id.	3 P. M.	76·6	75·9	76·8	77·0	76·2	76·1	—		
Depth of Rain in inches (read at 8 A. M.)		—	—	—	0·04	—	—	—	0·04	31·02
Daily Velocity of wind in miles		229·1	225·3	219·7	194·5	190·3	208·4	253·7		
Mean Humidity		·93	·93	·94	·94	·94	·93	—		
* Proportion of sky clouded (whole sky=10·0)		3·0	5·8	8·8	8·8	8·4	5·0	—		
Daily amount of Evaporation in the shade in inches		·058	·077	·066	·052	·055	·065	·073		

* Mean of 5 Observations made in the day time.

P. VALOO PILLAI,
Head Assistant.

	1083.	1084.
	Inches	Inches.
Rainfall from 15th Edavom to the end of Karkadagom 1082 and 1083 ...	35·97	19·78
Do. from 1st to the 7th of Chingom	1·05	0·06
Do. on the 8th Do.	0·20	—
Total	37·22	19·84

Observatory Time Notice.

The flash of the noon-day gun has been noted as follows in Trivandrum Mean Time.

			h.	m.	s.
1908 August	17th	...	12	0	0
"	18th	...	12	0	0
"	19th	...	12	0	0
"	20th	...	12	0	0
"	21st	...	12	0	0
"	22nd	...	12	0	0

CALENDAR.

[illegible]

[illegible] [illegible]	[illegible] [illegible]	[illegible]	[illegible]		തിഥി		[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	

PRICE LIST.

[illegible]
[illegible]

[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	...
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]
[illegible]	[illegible]	[illegible]

SEASON REPORT

FOR THE WEEK ENDING 16TH AUGUST 1908.

Rice 7·37 and maize 11·4 seers per Rupee—Week's rainfall 0·31 inch—Water-supply, pasturage sufficient—Crops growing—Condition cattle good—Public health satisfactory.

[illegible]

[illegible]

Terms of Subscription to the Government Gazette from and after the 1st Chingom 1083/17th August 1907.

For one year ...	...	4 Bh. Rs.
For one month	...	10 Chuckrams.
Single copy ...	...	4 Chuckrams.

Postage to be added at the rate of Bh. Rs. 4½ if the Gazette is to be sent by British Post.

The subscription is payable strictly in advance and payment by instalments or by deductions from pay will not be allowed. The rules of subscription of single copies and by the month refer only to ordinary issues of the Gazette, and do not apply to issues containing lengthy Legislative Enactments.

A. J. VIEYRA,
Chief Secretary to Government.

Huzur Cutcherry,
Trivandrum,
17th May, 1907.

Charges for Advertisements.

	Rs.	Ch.	C
Per column line, 1st insertion	„	1	12
Do. subsequent insertions...	„	1	8
For a full page of 50 lines 1st insertion ...	5	„	„
Do. Do. subsequent insertions.	4	„	„

Standing advertisements will be charged at reduced rates. Information regarding such rates can be obtained from the Superintendent of the Government Press.

Tabular work will be charged according to the nature of work.

The above rates are for Pica type in English and Tamil and Malayalam type cast on English body.

Notice.

In supersession of the notice dated 23rd December 1905, it is hereby notified that all matter whether official or private intended for publication in the Government Gazette should be sent in diglott wherever necessary, plainly and legibly written on one side of the paper only so as to reach "the Chief Secretary to Government, Huzur Cutcherry, Trivandrum," not later than Friday previous to the issue of the Gazette in which they are meant to be published.

Lengthy papers should be sent even earlier and in sufficient time.

Notice.

With reference to the notice dated 23rd December 1905, it is hereby notified that the Superintendent, Government Press, is entrusted with the printing and issue of the Government Gazette and the receiving of subscriptions on account of the same.

All communications relating to the issue of the Gazette and remittances on account of subscription should be addressed to "the Superintendent, Government Press, Trivandrum."

A. J. VIEYRA,
Chief Secretary to Government.

Huzur Cutcherry,
Trivandrum,
16th April 1906.

പരസ്യം

[illegible]

പരസ്യം

[illegible]

പരസ്യം

[illegible]

List of Holidays for the Huzur Cutcherry in the month of Chingom, 1084.

English Month	Date.	Malayalam Month.	Date.	Day of the week.	Nature of Holidays.
1908.		1084.			
August	16	Chingom	1	Sunday.	Avanipurappu.
"	18	"	3	Tuesday.	Ashtamirohini.
"	26	"	11	Wednesday.	New Moon.
"	31	"	16	Monday.	Vinayakachathurthi.
September	7	"	23	Monday.	Onam.
"	8	"	24	Tuesday.	Do.
"	9	"	25	Wednesday.	Do.
"	10	"	26	Thursday.	Do.

൧൦൮൪ -ാമാണ്ട ചിങ്ങമാസത്തിൽ ഹജൂർകച്ചേരി ഒഴിവുള്ള ദിവസങ്ങളുടെ വിവരം

ഇംഗ്ലീഷ മാസം	തീയതി	മലയാള മാസം	തീയതി	ആഴ്ച	വിശേഷദിവസങ്ങൾ
൧൯൦൮ ആഗസ്റ്റ	൧൬	ചിങ്ങം	൧	ഞായർ	ആവണിപ്പുറപ്പ
ടി	൧൮	ടി	൩	ചൊവ്വാ	അഷ്ടമിരോഹിണി
ടി	൨൬	ടി	൧൧	ബുധൻ	കറുത്തവാവ
ടി	൩൧	ടി	൧൬	തിങ്കൾ	വിനായക ചതുർത്ഥി
സെപ്തംബർ	൭	ടി	൨൩	തിങ്കൾ	ഓണം
ടി	൮	ടി	൨൪	ചൊവ്വാ	ടി
ടി	൯	ടി	൨൫	ബുധൻ	ടി
ടി	൧൦	ടി	൨൬	വ്യാഴം	ടി

ലഘുപത്രിക നമ്പർ ൧

കൃഷിവക ഡിപ്പാർട്ടുമെൻറ.

തെങ്ങിനു പിടിപെട്ടിരിക്കുന്ന രോഗം.

തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഏതാനും ഭാഗങ്ങളിൽ തെങ്ങിനു പിടിപെട്ടിരിക്കുന്ന നാശകരമായ രോഗത്തെ ക്രമേണ ഇല്ലാതാക്കുവാനും, അതു രാജ്യാംസകലം വ്യാപിക്കാതെ സൂക്ഷിക്കുവാനും ഉള്ള ചില മാൎഗ്ഗങ്ങളെ ജനസാമാന്യത്തിനു മനസ്സിലാക്കിക്കൊടുക്കുവാനായിട്ടാണു ഈ ലഘുപത്രിക പ്രസിദ്ധപ്പെടുത്തുന്നതു. നമ്മുടെ രാജ്യത്തിന്റെ ഐശ്വൎയ്യം മിക്കവാറും കല്പവൃക്ഷമായ തെങ്ങിനെയാണു ആശ്രയിച്ചിരിക്കുന്നതു. അതിനാൽ ഈ പത്രികയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന സംഗതികൾ നമ്മുടെ കൃഷിക്കാരും ഗൃഹസ്ഥന്മാരും നല്ലപോലെ മനസ്സിലാക്കിയിരിക്കേണ്ടതാകുന്നു.

രോഗത്തിന്റെ ലക്ഷണങ്ങൾ.

ഒരു തെങ്ങിനു രോഗം ആരംഭിക്കുമ്പോൾ ആദ്യമായി കാണപ്പെടുന്നതു ഓലമടലുകളുടെ പ്രകാരഭേദമാകുന്നു. മടലുകൾ ചാഞ്ഞു കീഴ്പോട്ടേക്കു തൂങ്ങിക്കിടക്കുകയും ഓലക്കാലുകളുടെ അറ്റങ്ങൾ മഞ്ഞനിറമായി തീരുകയും ചെയ്യുമ്പോൾ ആ തെങ്ങിനെ രോഗം ബാധിച്ചിട്ടുണ്ടെന്നു മനസ്സിലാക്കണം. ഇപ്രകാരമാണു രോഗത്തിന്റെ ആരംഭം. രോഗം ആരംഭിച്ചു കുറെ കാലം കഴിയുമ്പോൾ ഓലക്കാലുകൾ ക്രമേണ ഉണങ്ങിപ്പോകുവാനിടയാകും. മേൽപറയപ്പെട്ട ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതിൽ പിന്നീടും കുറേക്കാലത്തേക്കു കായ്ഫലത്തിനു പ്രത്യക്ഷമായ കുറവൊന്നും ഉണ്ടായിരിക്കയില്ല. അതിനാൽ സാധാരണ ജനങ്ങൾ തെങ്ങിനു ദീനം പിടിച്ചിട്ടുണ്ടെന്നു അശേഷം വിചാരിക്കുകയില്ല. എന്നാൽ ഇപ്രകാരമുള്ള അശ്രദ്ധ അത്യന്തം ദോഷകരമാകുന്നു. ഓലക്കാലുകളിൽ കാണുന്ന നിറഭേദവും ഉണക്കും കാലക്രമംകൊണ്ടു പുറമടലിൽ നിന്നു അകമടലിലേക്കും അവസാനത്തിൽ അകമണ്ടയിലേക്കും വ്യാപിക്കാനിടയാകുന്നു.

രോഗം തുടങ്ങിയതിൽ പിന്നീട്ടുണ്ടാകുന്ന നാമ്പുകൾ ചെറുതായും കുരുത്തില്ലാത്തവയായും കാണപ്പെടും. ദീനം തുടങ്ങി വളരെ നാൾ കഴിഞ്ഞാൽ മാത്രമേ തെങ്ങു അഴുകി വീഴുകയുള്ളു. എങ്കിലും ദീനമുള്ള തെങ്ങിലെ തേങ്ങകൾ ഒന്നിനൊന്നിനു എണ്ണത്തിലും വലിപ്പത്തിലും കുറഞ്ഞുപോകുന്നതായി കാണാവുന്നതാകുന്നു. തേങ്ങ ഉടച്ചുനോക്കിയാൽ അതു ചേട്ട തേങ്ങപോലെ തേങ്ങാ ഫലം കാത്തു. കരണ്ടും ഇരിക്കുന്നതു കാണാം.

രോഗഹേതുക്കൾ.

രോഗം ബാധിച്ചിട്ടുള്ള തെങ്ങിന്റെ വേരുകളെ സൂക്ഷ്മമായി നോക്കിയാൽ രോഗത്തിന്റെ ഉത്ഭവം മനസ്സിലാക്കാവുന്നതാകുന്നു. വേരുകൾ പലതരത്തിലും ഉണ്ടു. രോഗബീജങ്ങൾ ആദ്യമായി ബാധിക്കുന്നതു മണ്ണിൽ നിന്നും വൃക്ഷത്തിന്റെ ആഹാരസാരങ്ങളെ ഗ്രഹിക്കുന്ന വേരുകളെയാകുന്നു. വേരുകൾ നശിച്ചതിന്റെ ശേഷം ഉപവേരുകളും അതിൽ പിന്നീടു പ്രധാന വേരുകളും ദ്രവിച്ചുപോകുന്നു. ഉള്ള വേരുകൾ നശിച്ചുപോകയും പുതിയ വേരുകൾ വരാതിരിക്കുകയും ചെയ്യുമ്പോൾ വൃക്ഷത്തിനു പോഷകസാധനങ്ങൾ ലഭിക്കുവാൻ മാർഗ്ഗമില്ലാതെ ആയിത്തീരുന്നു. അതു നിമിത്തമാണു മേൽപ്പറഞ്ഞ ലക്ഷണങ്ങൾ തെങ്ങിൻതലയിൽ കാണുന്നതു. ഈ രോഗബീജങ്ങൾ ഇംഗ്ലീഷിൽ "മൈക്രോപാരസൈറ്റ്" എന്നു പറയപ്പെടുന്ന ഒരുതരം പരാന്നജീവികളാകുന്നു.

ഈ കീടജാലങ്ങൾ നിഷ്പ്രയാസേന വർദ്ധിച്ചു വരികയാണു ചെയ്യുന്നതു. ഇവയുടെ വർദ്ധനക്കു അനുകൂലമായും തെങ്ങിന്റെ വളർച്ചക്കു പ്രതികൂലമായും ഉള്ള ചില കാരണങ്ങൾ ഉണ്ടു. കൂടുകിളക്കാതിരിക്കുക, വളമിടാതിരിക്കുക, ചെളിയുള്ള സ്ഥലങ്ങളിൽ ചാലുകീറി വെള്ളം വാർക്കാതെ ഇരിക്കുക എന്നിവ അപ്രകാരമുള്ള കാരണങ്ങളാകുന്നു. വളരെക്കാലമായി തെങ്ങിനു പ്രസിദ്ധപ്പെട്ടിരിക്കുന്ന മീനച്ചൽ താലൂക്കിലും അതിനു സമീപമുള്ള ദിക്കുകളിലും ഈ വ്യാധിയുണ്ടായതു മേൽപ്പറയപ്പെട്ട കാരണങ്ങൾ കൊണ്ടാകുന്നു. കൃഷിദോഷംകൊണ്ടു ബലഹീനങ്ങളായിരുന്ന തെങ്ങുകൾ സംക്രമസ്വഭാവമുള്ള കൃമിജാലങ്ങൾക്കു ഇരയായിത്തീർന്നു. വ്യാധി പകരുന്നതായാൽ തക്കതായ മുൻകരുതലുകൾ ചെയ്യാത്ത പക്ഷം അതു രാജ്യമൊട്ടുക്കു പരക്കുവാനും, തന്നിമിത്തം വളരെ നഷ്ടം സംഭവിക്കുവാനും ഇടയായിത്തീരും.

രോഗത്തെ തടയുവാനുള്ള മാൎഗ്ഗങ്ങൾ.

൧. പുതുതായി എവിടെയെങ്കിലും ഒരു സ്ഥലത്തു ഈ വ്യാധി ആരംഭിക്കുമ്പോൾ അങ്ങിനെ ബാധിക്കപ്പെട്ട വൃക്ഷങ്ങളെ (തെങ്ങായാലും ശരി, കമുകായാലും ശരി) വേരോടെ പറിച്ചു മണ്ണിന്റെ അടിയിൽ ഉള്ള കുറ്റികളും വേരുകളും ഒഴിച്ചു ചുട്ടുകളയേണ്ടതാകുന്നു. വൃക്ഷത്തെ ചീളുകൾ മുൻവിവരിച്ചപ്രകാരം നശിപ്പിച്ചാലും ആ സ്ഥലത്തു ഉടനെ പുതിയ തെങ്ങിൻതൈ നട്ടുവെക്കാൻ പാടില്ല. വൃക്ഷം നിന്നിരുന്ന സ്ഥലത്തു നിന്നും ഒരു ദൂരം വരെയുള്ള മണ്ണു ആഴത്തിൽ കിളച്ചു കുമ്മായം ചേൎക്കുകയും കുറഞ്ഞ പക്ഷം ഒരു സംവത്സരകാലമെങ്കിലും അതേ സ്ഥിതിയിൽ തന്നെ ഇടുകയും ചെയ്യേണ്ടതു ആവശ്യമാകുന്നു. പല നൂറു തെങ്ങുകൾ ഉള്ള ഒരു തോപ്പിൽ വ്യാധി ആദ്യം ഒന്നോ രണ്ടോ തെങ്ങുകളെ മാത്രമേ ബാധിക്കയുള്ളു. അവയെ ഉടനടി നശിപ്പിക്കുന്നതിൽ അശ്രദ്ധ വിചാരിക്കുന്നതായിരുന്നാൽ രോഗം മറ്റുള്ള തെങ്ങുകളിലും പടൎന്നുപിടിക്കുന്നതിനിടയാകുന്നതാകുന്നു. ഒരു മരം മുറിച്ചുകളയാതെയിരിക്കുക നിമിത്തം ഒരു തോപ്പും ചിലപ്പോൾ ഒരു ദേശവും നശിച്ചുപോകാനിടയാകും.

൨. മൊത്തത്തിൽ പറയുന്നതായാൽ സംസ്ഥാനത്തിൽ ചേൎത്തല താലൂക്കിനും കൊല്ലം താലൂക്കിനും മദ്ധ്യേയുള്ള പ്രദേശങ്ങളിലും ഉള്ളിലോട്ടു മീനച്ചൽ താലൂക്കു വരെയും ആണു വ്യാധി ഇപ്പോൾ വ്യാപിച്ചിട്ടുള്ളതു. ഈ അതൃത്തിക്കുള്ളിലുള്ള എല്ലാ സ്ഥലങ്ങളിലും വ്യാധി ഇതുവരെ പടൎന്നിട്ടുള്ളതായി കാണുന്നില്ല. എങ്കിലും അതു പല ദിക്കുകളിലും ഉള്ളതായി അറിയാം. ഏതായാലും മറ്റു സ്ഥലങ്ങളിൽ നടുന്നതിനു മുൻപറയപ്പെട്ട സ്ഥലങ്ങളിൽ നിന്നു തേങ്ങയോ തെങ്ങിൻതൈകളോ കൊണ്ടുപോകുന്നതു വളരെ അപായകരമായിട്ടുള്ളതാണ്. ഈ കാൎയ്യത്തിൽ കൃഷിക്കാരുടെ ശ്രദ്ധ പ്രത്യേകിച്ചു ക്ഷണിച്ചുകൊള്ളുന്നു.

൩. രോഗം പിടിപെട്ടിട്ടുള്ള വൃക്ഷങ്ങളിൽ ഉണ്ടാകുന്ന തേങ്ങ തൈയുണ്ടാക്കാനായി എടുക്കരുതു. ഒരു പുരയിടത്തിൽ വ്യാധിയുണ്ടെന്നു കണ്ടാൽ അതിനെ ശരിയെ നശിപ്പിക്കും മുമ്പു അവിടെ പുതുതായി തൈകൾ നടരുതാത്തതാകുന്നു.

വ്യാധിയെ ശമിപ്പിക്കുവാനുള്ള മാൎഗ്ഗങ്ങൾ.

രോഗം ഒരു തെങ്ങിൽ നിന്നും മറ്റു തെങ്ങുകളിലേക്കു പകരുന്നതു ഭൂമിയിൽകൂടിയാകുന്നു. രോഗബീജങ്ങൾ ഭൂമിയിൽകൂടി കടന്നിട്ടാണു ത

റ്റുള്ള തെങ്ങുകളുടെ വേരിനെ ബാധിക്കുന്നതു. അതിനാൽ ഒരു സ്ഥലത്തു വ്യാധി നന്നായി പിടികൂടി കഴിഞ്ഞാൽ അതിനെ ഉടനടി നശിപ്പിച്ചു കളവാൻ നിവൃത്തിയില്ല. എങ്കിലും താഴെ പറയുന്നതുപോലെ എല്ലാ കൃഷിക്കാരും പ്രവർത്തിക്കുന്നതായാൽ അതിന്റെ പകർച്ച, സ്വഭാവത്തെ കുറയ്ക്കുകയും ക്രമേണ അതിനെ ഇല്ലാതാക്കുകയും ചെയ്യുവാൻ കഴിയുന്നതാണ്.

വ്യാധിയുടെ ശമനത്തിനുള്ള ഉത്തമമായ മാർഗ്ഗം രോഗം ബാധിച്ചിട്ടുള്ള എല്ലാ വൃക്ഷങ്ങളേയും വെട്ടി മുൻ പറഞ്ഞിട്ടുള്ള പ്രകാരം ചുട്ടുകളയുകയാകുന്നു. ഒരു തോപ്പിൽ അനേകം തെങ്ങുകളെ ബാധിച്ചിരിക്കുമ്പോൾ അവയെ എല്ലാം നശിപ്പിക്കുന്നതിനു വളരെ അധ്വാനം ചെയ്തു നട്ടുവളർത്തിയ ആളുകൾക്ക് മനസ്സുണ്ടായിരിക്കയില്ല. എന്നാൽ അവർ താഴെ പറയുന്ന പ്രകാരം ചെയ്യുന്നതായാൽ രോഗം ഒരു വിധം ശമിക്കുന്നതാണ്.

ഏ. രക്ഷപ്പെടുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ രോഗം ബാധിച്ചിട്ടുള്ള വൃക്ഷങ്ങളെ വേരോടുകൂടി പറിച്ചു അവയുടെ വേരുകളും കുറ്റികളും ചുട്ടുകളയണം.

ബി. മണ്ണിന്റെ പോഷകശക്തിയെ കുറക്കുന്നതും വൃക്ഷങ്ങളെ ബലഹീനങ്ങളാക്കുന്നതും ആയ കാരണങ്ങളും അശേഷം ഇല്ലാതാക്കണം.

ഇ. കുറേകാലമായി കിളയൽ ഇല്ലാതെ കിടക്കുന്ന തോപ്പുകളെ ഒരു ജാതിക്കടിയോ അതിൽ കൂടുതലോ താഴ്ത്തി കിളക്കണം. പാഴ് ചെടികളും പുല്ലും കിളച്ചു മൂടേണ്ടതും ആവശ്യം ആകുന്നു. ഇങ്ങനെ ആണ്ടുതോറും രണ്ടും മൂന്നും പ്രാവശ്യം ചെയ്യണം.

ഡി. പുരയിടം കിളച്ചു കഴിഞ്ഞതിൽ പിന്നീടു അതിലുള്ള വൃക്ഷങ്ങളുടെ ചുവട്ടിൽ ഉപ്പും കക്കയും പിണ്ണാക്കും കൂടി വിതറി വളമിടേണ്ടതാകുന്നു. എല്ലാമാതിരി പിണ്ണാക്കും ഇതിനു യോഗ്യമായിട്ടുള്ളതാണ്.

സി. വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ മൂന്നു നാലു അടി താഴ്ചയുള്ള ചാലുകൾ എടുത്തു അവയിൽകൂടി വെള്ളത്തെ ഒഴുകിച്ചു കളയേണ്ടതാകുന്നു. അടി മണ്ണിൽ വെള്ളം കെട്ടിനിൽക്കുന്നതായാൽ അതിൽ വളരുന്ന വൃക്ഷങ്ങൾ നല്ലവണ്ണം വളരുകയില്ല. വായു സമ്പർക്കം കൊണ്ടു മണ്ണിൽ ചില വികാരങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ അതിലുള്ള പോഷക സാധനങ്ങൾ വേണ്ടുംവണ്ണം വൃക്ഷങ്ങൾക്കു ലഭിക്കയുള്ളൂ.

൩. വൃക്ഷങ്ങളുടെ മൂട കിളച്ചു ചുവട്ടിൽ കള ഇടുന്നതു രോഗശമനത്തിനു ഫലപ്രദമായിട്ടുള്ളതാകുന്നു. മണ്ണിൽ കളയിടുന്നതു കൊണ്ടു പല വിധേനയുള്ള ഗുണങ്ങളും ഉണ്ടു. വെള്ളം താങ്ങലിനേയും കട്ടിമണ്ണിനെയും നന്നാക്കി അവയെ കൃഷിക്ക യോഗ്യമാക്കുവാനുള്ള ഉപായം ഈ വഴിക്കു കള ഇടുകയാകുന്നു. കളയിൽ വിത്തു ചെടികളുടെയും വൃക്ഷങ്ങളുടെ ഉപയുക്തങ്ങളായ ഒരു പോഷകാംശമുണ്ടു. എന്നാൽ കള ഇടുന്നതുകൊണ്ടുള്ള ഗുണം അതിന്റെ തരത്തെയും ഇടുന്ന കളയുടെ കൂടുതൽ കുറവിനെയും അനുസരിച്ചിരിക്കും. പച്ചിലകളിൽ നിറഞ്ഞ കളയാണെ എല്ലാത്തിലും നല്ലതു. കള ഇട്ടാൽ വൃക്ഷങ്ങളിൽ പട്ടുപോകുമെന്നു ജനങ്ങളുടെ ഇടയിൽ ഒരു ബോധമുണ്ടു. അതു അശേഷം ശരിയായിട്ടുള്ളതല്ല. ക്രമമായി കള ഇടുന്നതു കൊണ്ടു ഗുണമല്ലാതെ ദോഷം യാതൊന്നുമില്ല. നിറഞ്ഞ കളയും ഉടനായി ഉപയോഗിക്കാം. എന്നാൽ ങ്ങളുകൊണ്ടു പച്ചമണ്ണാകുന്നതിനു കാലതാമസം വേണ്ടിവരും. പച്ചികളിൽ നിന്നും കിട്ടുന്ന കരുക്കളും ഈ പ്രകാരം ചില ഇടങ്ങളിൽ വൃദ്ധിയുള്ള തെങ്ങുകളുടെ മൂട്ടിൽ ഇട്ടു വരുന്നുണ്ടു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു പറയത്തക്കതായ ഗുണങ്ങളൊന്നും ഉണ്ടാകുന്നതല്ല.

ഒരു ഏക്കർ സ്ഥലത്തു ഒരു പ്രാവശ്യം ഇടുന്നതിനു നിറഞ്ഞ കള ൫ ചാക്കം നിറഞ്ഞ കള പത്തു ചാക്കം ആവശ്യമുണ്ടു. കള ഭൂമിയിൽ വിതറിയാൽ ഒരു പ്രാവശ്യം കൂടി കിളച്ചു അതിനെ മണ്ണിനടിയിൽ ആക്കുന്നതു വളരെ ഗുണപ്രദമാകുന്നു. തുലാവർഷവും ഇടവപ്പാതിയും ആരംഭിക്കുന്നതിനു ഒന്നു രണ്ടു ആഴ്ചവട്ടം മുമ്പാണു പുരയിടങ്ങളിൽ കള ഇടുവാൻ നല്ലതായ സമയം.

തെങ്ങു കൃഷിയെയും തെങ്ങിനു പിടിപെട്ടിരിക്കുന്ന വ്യാധിയെയും കുറിച്ചു ഏതാനും സംഗതികൾ മാത്രമേ ഈ പത്രികയിൽ പ്രസ്താവിച്ചിട്ടുള്ളൂ. ഇനിയും പ്രസ്താവിക്കേണ്ടതായിരിക്കുന്ന സംഗതികൾ അനേകമുണ്ടു. എന്നാൽ സൂക്ഷ്മമായ പരിശോധനകൾ നടത്തിയതിന്റെ ശേഷം അവക കാര്യങ്ങളും പ്രസ്താവിച്ചുകൊള്ളാമെന്നു വിചാരിക്കുന്നു.

തിരുവനന്തപുരം
[illegible] ആഗസ്റ്റ് [illegible]

കൃഷിഡയറക്ടർ,
ഡാക്ടർ എൻ. കുഞ്ഞൻപിള്ള.